
21
ബുധൻ
ഡിസംബർ 2022
1198 ധനു 06

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com



## ബഫർസോൺ വിഷയത്തിൽ ആശങ്കയകറ്റാൻ ഫീൽഡ് സർവേ; സുപ്രീം കോടതിയിൽ നൽകിയ രേഖ പുറത്തുവിടും

തിരുവനന്തപുരം: ബഫർസോൺ വിഷയത്തിൽ ഫീൽഡ് സർവെ നടത്താൻ മുഖ്യമന്ത്രി വിളിച്ച ഉന്നതതല യോഗത്തിൽ തീരുമാനം. ജനങ്ങളുടെ ആശങ്കയകറ്റാൻ സുപ്രീംകോടതിയിൽ നൽകിയ ആധികാരിക രേഖ പുറത്തുവിടാനും യോഗത്തിൽ തീരുമാനമായി. ഇക്കാര്യങ്ങൾ ആലോചിക്കാനായി ബുധനാഴ്ച വനം, റവന്യൂ, തദ്ദേശ വകുപ്പുകളുടെ സംയുക്ത യോഗം വിളിച്ചു. ബഫർസോണുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കി സർക്കാർ ഒരു രേഖ നൽകിയിട്ടുണ്ട്. ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനായി ഈ രേഖ പ്രസിദ്ധപ്പെടുത്താൻ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ള തീരുമാനം രേഖയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.നിലവിൽ വൈബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഉപഗ്രഹ സർവേ റിപ്പോർട്ടുമായി ബന്ധപ്പെട്ട മാപ്പ് ആധികാരിക രേഖയല്ല. ഇതിന്റെ വിവരങ്ങളാണ് ഇപ്പോൾ വിവാദങ്ങൾക്ക് കാരണം. അതുകൊണ്ടാണ് സുപ്രീം കോടതിയിലേക്ക് സമർപ്പിച്ചിരിക്കുന്ന യഥാർഥ രേഖകൾ പ്രസിദ്ധപ്പെടുത്താനുള്ള തീരുമാനം യോഗത്തിൽ ഉണ്ടായിരിക്കുന്നത്. മാപ്പിലുള്ളത് വിവരശേഖരണം മാത്രമാണ്. അതുകൊണ്ടാണ് യഥാർഥ രേഖ പ്രസിദ്ധപ്പെടുത്തുന്നത്.ജനങ്ങളുടെ ആശങ്കയകറ്റാൻ ഫീൽഡ് സർവെ നടത്താനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വനം, റവന്യൂ, തദ്ദേശ വകുപ്പുകളെ ചുമതലപ്പെടുത്തി. എത്രയും പെട്ടെന്ന് ഫീൽഡ് സർവെ പൂർത്തിയാക്കാനാണ് നിർദേശം. ഇക്കാര്യങ്ങൾ ആലോചിക്കാനായി ബുധനാഴ്ച വനം, റവന്യൂ, തദ്ദേശ വകുപ്പുകളുടെ സംയുക്ത യോഗവും വിളിച്ചിട്ടുണ്ട്.

ജനങ്ങളുടെ ആശങ്ക പരിഹരിക്കാനായി എടുത്ത നടപടികൾ വിശദീകരിക്കാൻ മുഖ്യമന്ത്രി വാർത്താ സമ്മേളനം നടത്താനും ധാരണയായിട്ടുണ്ട്. ഇന്ന് മന്ത്രിസഭാ യോഗത്തിന് ശേഷമായിരിക്കും വാർത്താ സമ്മേളനം.




## പോപ്പുലർ ഫ്രണ്ടിന് രഹസ്യവിഭാഗം, അന്യമതസ്ഥരുടെ ഹിറ്റ് ലിസ്റ്റ് ഉണ്ടാക്കിയെന്നും എൻ ഐ എ

**കൊച്ചി:** നിരോധിക്കപ്പെട്ട സംഘടനയായ പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയ്ക്ക് രഹസ്യവിഭാഗം ഉണ്ടായിരുന്നതായി ദേശീയ അന്വേഷണ ഏജൻസി.പി എഫ് ഐയ്ക്ക് ഇതര സമുദായത്തിൽപ്പെട്ടവരുടെ ഹിറ്റ് ലിസ്റ്റ് ഉണ്ടാക്കുന്നതിനായി രഹസ്യവിഭാഗം ഉണ്ടായിരുന്നതായാണ് കൊച്ചി എൻ ഐ എ കോടതിയിൽ അന്വേഷണ സംഘം അറിയിച്ചിരിക്കുന്നത്. ഹിറ്റ് ലിസ്റ്റ് ഉണ്ടാക്കുന്നതിനായി സംസ്ഥാന വ്യാപകമായി ഒരു രഹസ്യ സംഘം പ്രവർത്തിച്ചിരുന്നു. വിവരശേഖരണം നടത്തുന്നതും പട്ടിക തയ്യാറാക്കുന്നതും ഈ രഹസ്യ സംഘമാണെന്ന് കോടതിയിൽ എൻ ഐ എ വ്യക്തമാക്കി. പി എഫ് ഐയുടെ ഓഫീസ് കേന്ദ്രീകരിച്ചായിരുന്നു ഇവർ പ്രവർത്തിച്ചിരുന്നത്. ലിസ്റ്റിൽ ഉൾപ്പെട്ടവരെ കണ്ടെത്തുന്നതിനായി അന്വേഷണം തുടരുകയാണ്.റെയ്ഡിൽ പിടിച്ചെടുത്ത ഡിജിറ്റൽ രേഖൾ പരിശോധിച്ചതിൽ പി എഫ് ഐ നേതാക്കളുടെ ഐ എസ് ബന്ധത്തിന് തെളിവുകൾ ലഭിച്ചതായും എൻ ഐ എ കോടതിയെ അറിയിച്ചു. രാജ്യവിരുദ്ധ പ്രവർത്തനത്തിന് പി എഫ് ഐ ഫണ്ട് നൽകിയതിലും അന്വേഷണം തുടരുകയാണ്. പതിനാല് പ്രതികളുടെ റിമാൻഡ് കാലാവധി 180 ദിവസമായി വർദ്ധിപ്പിക്കണമെന്ന അന്വേഷണ സംഘത്തിന്റെ ആവശ്യവും കൊച്ചി എൻ ഐ എ കോടതി അംഗീകരിച്ചു.



## പരസ്യങ്ങൾക്കായി ചെലവഴിച്ച 97 കോടി രൂപ തിരിച്ചടയ്ക്കണമെന്ന് സർക്കാരിനോട് ഗവർണർ, ഉത്തരവിടാൻ അധികാരമില്ലെന്ന് എ എ പി

**ന്യൂഡൽഹി:** സർക്കാർ പരസ്യം എന്ന പേരിൽ ആം ആദ്മി പാർട്ടി പ്രസിദ്ധീകരിച്ച രാഷ്ട്രീയ പരസ്യങ്ങൾക്ക് ചെലവായ 97 കോടി രൂപ തിരിച്ചുപിടിക്കാൻ ഉത്തരവിട്ട് ഡൽഹി ലഫ്. ഗവർണർ വിനയ് കുമാർ സക്സേന. ചീഫ് സെക്രട്ടറി നരേഷ് കുമാറിന് ലഫ്. ഗവർണർ ഇതുസംബന്ധിച്ച് നിർദേശം നൽകി. അഞ്ചു വർഷം മുൻപ് ചെലവാക്കിയ തുക തിരിച്ചുപിടിക്കാനാണ് ഉത്തരവ്. അതേസമയം, ഇത്തരം ഉത്തരവുകൾ പുറപ്പെടുവിക്കാൻ ലഫ്. ഗവർണർക്ക് അധികാരമില്ലെന്ന് ആം ആദ്മി പാർട്ടി പ്രതികരിച്ചു. 'ഒരു പുതിയ പ്രണയ ലേഖന'മെന്നാണ് എ എ പി ലഫ്. ഗവർണറുടെ നടപടിയെ വിശേഷിപ്പിച്ചത്. ബി ജെ പി ഭരിക്കുന്ന വിവിധ സംസ്ഥാന സർക്കാരുകൾ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരസ്യങ്ങൾക്കായി അവർ ചെലവഴിച്ച 22,000 കോടി രൂപ എപ്പോഴാണോ തിരിച്ചുപിടിക്കുക, ആ ദിവസം തങ്ങൾ 97 കോടി രൂപ നൽകുമെന്ന് ലഫ്. ഗവർണറുടെ നടപടിയിൽ പ്രതികരിച്ച് എ എ പി എം എൽ എ സൗരഭ് ഭരദ്വാജ് പറഞ്ഞു. തങ്ങൾ ഒരു ദേശീയ പാർട്ടിയായി മാറിയിരിക്കുകയാണ്. മുനിസിപ്പൽ കോർപ്പറേഷൻ തിരഞ്ഞെടുപ്പിൽ ബി ജെ പിയിൽ നിന്ന് അധികാരം പിടിച്ചെടുക്കുകയും ചെയ്തു. ഇതിൽ അവർ പരിഭ്രാന്തരാണ്. ലഫ്.ഗവർണർ ബി ജെ പിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് പ്രവർത്തിക്കുന്നത്. ഇത് ഡൽഹിയിലെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നു. ഡൽഹിയിലെ ജനങ്ങൾ എത്രത്തോളം ആശങ്കാകുലരാണോ അത്രയധികം ബി ജെ പിയ്ക്ക് സന്തോഷമാകുമെന്നും എം എൽ എ കുറ്റപ്പെടുത്തി

## അസാധാരണ നടപടിയുമായി ഹൈക്കോടതി; രണ്ട് ജീവനക്കാരുടെ വിരമിക്കൽ പ്രായം നീട്ടിനൽകി

**കൊച്ചി:** രണ്ട് ഹൈക്കോടതി ജീവനക്കാരുടെ വിരമിക്കൽ പ്രായപരിധി നീട്ടി നൽകി ഹൈക്കോടതിയുടെ അസാധാരണനടപടി. ജോയിന്റ് രജിസ്ട്രാർ അടക്കം ഈ മാസം വിരമിക്കേണ്ട രണ്ടു ജീവനക്കാർക്ക് സർവീസിൽ തുടരാമെന്നാണ് കോടതിയുടെ ഉത്തരവ്. സർക്കാരിന്റെ എതിർപ്പ് തള്ളിയാണ് ഉത്തരവ്. സാധാരണ സർക്കാർ ജീവനക്കാരുടേതിനു സമാനമായി 56 വയസാണ് ഹൈക്കോടതിജീവനക്കാരുടേയും വിരമിക്കൽ പ്രായം. ഇത് രണ്ട് വർഷം ദീർഘിപ്പിക്കണമെന്ന ശുപാർശ ഹൈക്കോടതി സർക്കാരിലേക്ക് നൽകിയിരുന്നു. എന്നാൽ ഇതിൽ സർക്കാർ തീരുമാനം എടുത്തിരുന്നില്ല. ഇതിനിടയിൽ സർവീസ് നീട്ടി നൽകണമെന്ന ആവശ്യവുമായി രണ്ട് ജീവനക്കാർ ഹൈക്കോടതിയെ സമീപിച്ചിരുന്നു. എന്നാൽ ജസ്റ്റിസ് അനു ശിവരാമൻ നൽകിയ ഇടക്കാല ഉത്തരവിൽ ഇവർക്ക് സർവീസിൽ തുടരാനുള്ള അനുമതി നൽകിയിരുന്നില്ല. റിട്ട് ഹർജിയിലെ അന്തിമ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും അവരുടെ റിട്ടയർമെന്റ് എന്ന ഇടക്കാല ഉത്തരവാണ് അന്ന് ഉണ്ടായിരുന്നത്. ഇതിനിടയിലാണ് ഹൈക്കോടതിയിലെ ഡ്രൈവറും മറ്റൊരു ജോയിന്റ് രജിസ്ട്രാറുംഹൈക്കോടതിയിൽ മറ്റൊരു ഹർജിയുമായി എത്തിയത്. ഇവർ ഈ മാസം വിരമിക്കേണ്ടവരായിരുന്നു.




ഇവർ നൽകിയ ഹർജിയിൽ വിരമിക്കൽ നീട്ടിനൽകണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. ഇതുപ്രകാരം സർവീസ് നീട്ടിനൽകിക്കൊണ്ടുള്ള ഇടക്കാല ഉത്തരവാണ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്നത്.


## പ്രിയാ വർഗീസിന്റെ നിയമനം പുനഃപരിശോധിക്കാൻ സ്ക്രൂട്ട്നി കമ്മിറ്റിക്ക് വിട്ട് സിൻഡിക്കേറ്റ്

**കണ്ണൂർ:** കണ്ണൂർ സർവകലാശാലയിൽ പ്രിയാ വർഗീസിന്റെ നിയമനവുമായി ബന്ധപ്പെട്ട റാങ്ക് ലിസ്റ്റ് പുനഃപരിശോധിക്കാനായി സ്ക്രൂട്ട്നി കമ്മിറ്റിക്ക് വിട്ടു. സിൻഡിക്കേറ്റ് യോഗത്തിന്റേതാണ് തീരുമാനം. ബജറ്റ് അവതരിപ്പിക്കുന്നതിനായി ചൊവ്വാഴ്ച ചേർന്ന കണ്ണൂർ സർവകലാശാലയുടെ സിൻഡിക്കേറ്റ് യോഗത്തിലാണ് തീരുമാനം. അസോസിയേറ്റ് പ്രൊഫസർ നിയമനത്തിന് പ്രിയാവർഗീസിന് മതിയായ യോഗ്യതയില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പുനഃപരിശോധിക്കുന്നതിന് കോടതി ഉത്തരവിട്ടിരുന്നു. ഇതിനുവേണ്ടിയാണ് ഇപ്പോൾ സിൻഡിക്കേറ്റ് സ്ക്രൂട്ട്നി കമ്മിറ്റി ഉണ്ടാക്കിയിരിക്കുന്നത്.




### ആശാൻ

പ്രിയാ വർഗീസിന്റെ നിയമനം പുനഃപരിശോധിക്കാൻ സ്ക്രൂട്ട്നി കമ്മിറ്റിക്ക് വിട്ട് സിൻഡിക്കേറ്റ്



നിയമനം ഉണ്ടാകുമോ?






കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## സാമൂഹ്യ പ്രതിബദ്ധതയ്ക്കും ഒരു പരിധി ഇല്ലേ ?

എല്ലാ രാജ്യങ്ങൾക്കും മാതൃകയാണ് നമ്മുടെ രാജ്യത്തെ ശിശു പരിപാലനം എന്ന് കൊട്ടി ഘോഷിക്കുന്നവർക്ക് അറിഞ്ഞോ അറിയാതയോ ചില വീഴ്ചകൾ സംഭവിക്കുന്നുണ്ട്. അതിന് ഏറ്റവും വലിയ ദൃഷ്ടാന്തമാണ് കേന്ദ്ര വനിതാ ശിശുവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ചൈൽഡ് ലൈൻ കേന്ദ്രങ്ങളുടെ അപചയം. കേന്ദ്ര വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ നിന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കീഴിലേക്ക് ചൈൽഡ് ലൈൻ പദ്ധതി മാറ്റുന്നതിനുള്ള ശ്രമമാണ് പദ്ധതി അവതാളത്തിലാക്കിയത്. തന്മൂലം ഈ സ്ഥാപനത്തിന് ലഭിക്കേണ്ടിയിരുന്നതും ലഭിക്കാനുള്ളതുമായ ഫണ്ട് നിലച്ചതാണ് പ്രവർത്തനം നിലയ്ക്കാനുള്ള കാരണമെന്ന് അധികൃതർ. മുൻ കാലങ്ങളിൽ പ്രവർത്തന മൂലധനം ലഭിക്കുമായിരുന്നു. ഇപ്പോൾ അതും മുടങ്ങി. കേരളത്തിൽ വിവിധ ജില്ലകളിലായി 235 കരാർ ജീവനക്കാരാണുള്ളത്. ടീം മെമ്പർ എന്ന ഉദ്യോഗപ്പേരിൽ അറിയപ്പെടുന്ന ഇവരുടെ ശമ്പളം 8000 രൂപ മാത്രമാണ്. ഇരുപത് വർഷത്തിലധികമായി ജോലി നോക്കുന്ന വ്യക്തികളും ഇക്കൂട്ടത്തിലുണ്ട്. അവർക്കും ലഭിക്കുന്നത് 8000 രൂപ തന്നെ. 2014ൽ ആണ് ഈ ശമ്പളം നിശ്ചയിച്ചത്. അതിനു ശേഷം ഒരു വർധനയും ഉണ്ടായിട്ടില്ല. എല്ലാ ദിവസവും ജോലിക്ക് ഹാജരാകണം. ഒരു ദിവസം വന്നില്ലെങ്കിൽ ആ ദിവസത്തെ ശമ്പളവും പോയിക്കിട്ടും. സോഷ്യൽ വർക്കിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഉള്ളവരാണ് മിക്കവരും. ഇവർക്ക് ശമ്പളം മുടങ്ങിയിട്ട് ഇപ്പോൾ ഒൻപത് മാസം കഴിഞ്ഞിരിക്കുന്നു. ജോലിയോടുള്ള താല്പര്യവും സാമൂഹ്യ പ്രതിബദ്ധതയും മാത്രമാണ് തങ്ങളെ പിടിച്ചു നിർത്തുന്നതെന്ന് വിവിധ ജില്ലകളിലെ ജീവനക്കാർ പറഞ്ഞു . ഇതിനകം സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും നൂറിനടുത്ത് ജീവനക്കാരനാണ് ശമ്പളം ലഭിക്കാതെ ജോലി ഉപേക്ഷിച്ചത്. അതിൽ ഏറ്റവും കൂടുതൽ ആളുകൾ കൊഴിഞ്ഞു പോയത് കാസർഗോഡ് ജില്ലയിലാണ്. പല ജില്ലകളിലും ഇതാണ് സ്ഥിതിയെങ്കിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ വീഴ്ച വരുത്താതെ ഉള്ള സ്റ്റാഫുകളെ ഉപയോഗിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ പ്രതിസന്ധികൾക്കിടയിലും 1500ൽ അധികം കേസുകളാണ് സംസ്ഥാനത്ത് ഒരു മാസം ഇടപെടൽ നടത്തുന്നത്.

കഴിഞ്ഞ നാളുകളിൽ റിപ്പോർട്ട് ചെയ്ത പോക്സോ കേസുൾപ്പെടെയുള്ള പ്രധാന കേസുകളിലെ പരാതിക്കാരും പ്രധാന സാക്ഷികളുമാണ് ഇത്തരത്തിൽ പിരിഞ്ഞ് പോയിട്ടുള്ളവർ. അതിനാൽ തന്നെ ഇതുമായി ബന്ധപ്പെട്ടിട്ടുള്ള നിയമ നടപടികൾ അട്ടിമറിക്കപ്പെടാൻ സാധ്യത ഏറെയാണ്.

പലവിധ ബുദ്ധിമുട്ടുകളാൽ വിഷമിക്കുന്ന കുട്ടികൾക്ക് വലിയ ആശ്വാസമായിരുന്നു 1098 എന്ന നമ്പറിലേക്കുള്ള വിളി. കഴിഞ്ഞ നാളുകളിൽ (കോവിഡിന് മുൻപും ശേഷവും) ഈ സംവിധാനം നമ്മുടെ നിരവധി കുട്ടികളെയാണ് ജീവിതത്തിലേക്ക് തിരികെ കൊണ്ട് വന്നത്. സമൂഹത്തിൽ നിന്നും സ്കൂളിൽ നിന്നും, സ്വന്തം വീടുകളിൽ നിന്ന്പോലും അവർ അനുഭവിക്കുന്ന ശാരീരിക മാനസിക പീഡനങ്ങളിൽ നിന്ന് ഒരു ഫോൺ കോളിലൂടെ പരിഹാരം കാണുന്ന സംവിധാനമാണിത്. വീടുകളിലെ പ്രതികൂല സാഹചര്യങ്ങൾ, അമിതമായ മൊബൈൽ ഉപയോഗം, മയക്കുമരുന്നിന് അടിപ്പെടുന്ന അവസ്ഥ, പഠന സംബന്ധമായ പിരിമുറുക്കം, സാമൂഹിക മാധ്യമങ്ങളിലെ അരുതാത്ത ബന്ധങ്ങൾ, ശാരീരിക അസ്വസ്ഥതകൾ, വീടുകളിലെ ഒറ്റപ്പെടൽ, മാതാപിതാക്കൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം തുടങ്ങി വിവിധ ജീവിത സാഹചര്യങ്ങളിൽപെട്ട് മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾ, പഠനത്തിന്റെയും പരീക്ഷകളുടെയും പി

രിമുറുക്കം അനുഭവിക്കുന്നവർ, ബാലവേലക്കാർ, ബാലഭിക്ഷാടകർ, തെരുവിൽ അലയുന്ന കുട്ടികൾ എന്നിവർക്ക് അടിയന്തിര സഹായം എത്തിക്കുക എന്നുള്ളതാണ് ചൈൽഡ് ലൈന്റെ മുഖ്യ ലക്ഷ്യം. 1098 ൽ ഒരു വിളി എത്തിയാൽ മൂന്നു മണിക്കൂറിനുള്ളിൽ ടീം അവിടെ എത്തി കുട്ടിക്ക്ആവശ്യമായ ശ്രദ്ധയും സംരക്ഷണവും നൽകുകയും ഭക്ഷണം, വസ്ത്രം, കൗൺസിലിങ് ഉൾപ്പെടെയുള്ള താമസ സൗകര്യം ഇവയൊക്കെ തരപ്പെടുത്തണം.പൊതു പരീക്ഷകളുടെ കാലമാണ് വരാൻ പോകുന്നത്. പ്രത്യേകിച്ച് കോവിഡിനു ശേഷം മൊബൈൽ ഉപയോഗത്തിലൂടെ കൗമാരക്കാരായ കുട്ടികൾ കൂടുതൽ വിഷയങ്ങൾ നേരിടുന്നുണ്ട്. അതിനാൽ തന്നെ ഈ സംവിധാനം താമസം വിന കാര്യക്ഷമായേ പറ്റൂ. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ ചില ഇടപെടലുകൾ തുടങ്ങി വച്ചതായി അറിയുന്നു. അത് കുറെ കൂടി കാര്യക്ഷമമാകണം. ഓരോ ജില്ലയിലും പ്രവർത്തിച്ചു വരുന്ന ചൈൽഡ് ലൈൻ പ്രവർത്തകർ പരാതിക്കാരായ കുട്ടികളെ വീട്ടിൽ ചെന്ന് നേരിട്ട് കണ്ടായിരുന്നു വിവരങ്ങൾ ചോദിച്ചറിഞ്ഞിരുന്നത്. അന്വേഷത്തിന്റെ ഭാഗമായിട്ടുള്ള ഈ യാത്രകളൊക്കെ പലപ്പോഴും ദീർഘവും ചെലവേറിയതും ആണ്. ഇതിനൊക്കെ സ്വന്തമായി വാഹനം ഉണ്ടായേ തീരു. എന്നാൽ ഇവർ സ്വന്തം കൈയിൽ നിന്നും പണം മുടക്കിയാണ് ഇതുവരെ പൊയിക്കൊണ്ടിരുന്നത്. എന്നാൽ നഷ്ടം സഹിച്ച് എത്ര നാൾ ഇതവർക്ക് തുടരാൻ സാധിക്കും.? സാമൂഹ്യ പ്രതിബദ്ധതയ്ക്കും ഒരു പരിധി ഇല്ലേ?



# ചൈനയിലെ കോവിഡ് വ്യാപനം ആശങ്കാജനകം, മറ്റു രാജ്യങ്ങളേയും ബാധിച്ചേക്കാം; മുന്നറിയിപ്പുമായി യു.എസ്.

വാഷിങ്ടൺ: ചൈനയിലെ കോവിഡ് വ്യാപനം ആശങ്കപ്പെടുത്തുന്നതാണെന്ന് യു.എസ്. ചൈനയിലെ സാഹചര്യം ഗൗരവമായി കണക്കിലെടുക്കണമെന്നും വൈറസിന്റെ വ്യാപനം പുതിയ വകഭേദങ്ങൾ ഉണ്ടാവാൻ കാരണമാകുമെന്നും അത് മറ്റ് രാജ്യങ്ങളിലെ ജനങ്ങൾക്കും ഭീഷണിയാണെന്നും അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് നെഡ് പ്രൈസ് പറഞ്ഞു.

പുതുവർഷാദ്യം സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കന്റെ നേതൃത്വത്തിൽ ബെയ്ജിങ്ങിലേക്ക് വിദഗ്ധ സംഘത്തെ അയക്കാനിരിക്കെയാണ് അമേരിക്കയുടെ പ്രതികരണം. ചൈനയിൽ രോഗബാധയിലുണ്ടാവുന്ന ക്രമാതീതമായ വർധന ആഗോള സാമ്പത്തിക മേഖലയേയും മോശമായി ബാധിച്ചേക്കാമെന്നും അമേരിക്ക കരുതുന്നു. 'ചൈനയുടെ ജി.ഡി.പി. കണക്കിലെടുക്കുമ്പോൾ ഉയർന്ന കോവിഡ് കേസുകൾ ലോകത്തെയാകെ ആശങ്കപ്പെടുത്തുന്നുണ്ട്. കോവിഡ് നിയന്ത്രിക്കാൻ സാധിച്ചാൽ അത് ചൈനയ്ക്ക് മാത്രമല്ല, ആഗോള തലത്തിലും നല്ലതായിരിക്കും', പ്രൈസ് പറഞ്ഞു.

സീറോ കോവിഡ് നയത്തിനെതിരെ കടുത്ത പ്രതിഷേധമുണ്ടായതിന് പിന്നാലെ ചൈനയിൽ രോഗബാധ വലിയ തോതിൽ ഉയർന്നിരുന്നു. പാശ്ചാത്യരാജ്യങ്ങളേക്കാൾ ഫലപ്രദമായി കോവിഡിനെ പ്രതിരോധിച്ചു എന്ന തോന്നലുണ്ടാക്കാൻ ചൈന കോവിഡ് കണക്കുകൾ മറച്ചുവെക്കുന്നു എന്നും കരുതപ്പെടുന്നുണ്ട്. അതേസമയം, യു.എസ് വക്താവിന്റെ പരാമർശത്തോട് പ്രതികരിക്കാൻ വാഷിങ്ടണിലെ ചൈനീസ് എംബസി വക്താവ് തയ്യാറായില്ല.

പടിഞ്ഞാറൻ ഷിൻജിയാങ് പ്രവിശ്യയിൽ ഒരു കെട്ടിടത്തിലുണ്ടായ തീപ്പിടിത്തത്തെ തുടർന്ന് അനവധി ആളുകൾ മരിച്ചിരുന്നു. കടുത്ത കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ പുറത്തിറങ്ങാൻ സാധിക്കാത്തവരാണ് കെട്ടിടത്തിനുള്ളിൽ അകപ്പെട്ട് തീപ്പിടിത്തത്തിൽ മരണപ്പെട്ടതെന്ന് ചൂണ്ടിക്കാട്ടിയിരുന്നു. ഇതിന് പിന്നാലെയാണ് ചൈന കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയത്.




# ചികിത്സയും തുടർപരിചരണവുമുണ്ടെങ്കിൽ പക്ഷാഘാത മരണനിരക്ക് കുറയ്ക്കാമെന്ന് പഠനം

കണ്ണൂർ: തീവ്രമായ പക്ഷാഘാതം വന്നവരിൽ കൃത്യമായ ചികിത്സയും തുടർപരിചരണവുമുണ്ടെങ്കിൽ ഒരുവർഷത്തിനുശേഷമുള്ള മരണനിരക്ക് ഗണ്യമായി കുറയ്ക്കാനാകുമെന്ന് പഠനം.

ഇതുസംബന്ധിച്ച കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ട്രോക്ക് സെന്ററിന്റെ സമഗ്ര ഗവേഷണ റിപ്പോർട്ട് ബ്രിട്ടിഷ് മെഡിക്കൽ ജേണലിൽ പ്രസിദ്ധീകരിച്ചു. മസ്തിഷ്കാഘാതത്തിന് 2016 മുതൽ 2020 വരെ ചികിത്സ തേടിയവരിൽ നടത്തിയ വിശകലനങ്ങളാണ് പഠന റിപ്പോർട്ടിലുള്ളത്. 8.5 ശതമാനമാണ് ഒരുവർഷത്തിന് ശേഷമുള്ള മരണനിരക്ക്. രാജ്യത്ത് മുൻപ നടന്ന ചില പഠനങ്ങളിൽ മരണനിരക്ക് ഒരുമാസത്തിനു ശേഷം 18 മുതൽ 43 ശതമാനം വരെയാണ്.

ഒരുവർഷം 13 ലക്ഷത്തോളം മസ്തിഷ്കാഘാതം സംഭവിക്കുന്ന രാജ്യത്ത് കൃത്യമായ വൈദ്യശാസ്ത്ര ഇടപെടലിലൂടെ മരണം കുറയ്ക്കാനാകുമെന്നതിന് പ്രാധാന്യം ഏറെയാണ്.

സ്ട്രോക്കിന് ചികിത്സയും ഒരുവർഷം ചിട്ടയായ തുടർപരിശോധനകളും തേടിയ 1336 പേരുടെ വിവരങ്ങളാണ് പഠനവിഷയമായത്.

ആദ്യമായി സ്ട്രോക്ക് വന്നവരും (88.2%) ആഘാതം ആവർത്തിച്ചവരും (11.8%) ഉൾപ്പെട്ടു. ശരാശരി പ്രായം 61.6 വയസ്സ്. ചികിത്സയ്ക്കുശേഷം രണ്ടാഴ്ച, മൂന്നുമാസം, ആറുമാസം, ഒരുവർഷം എന്നിങ്ങനെയുള്ള തുടർ പരിശോധനകളുടെ വിശദാംശങ്ങളും ഉൾപ്പെടുത്തിയത് പഠനം കൂടുതൽ സമഗ്രമാക്കി.

സ്ട്രോക്ക് വന്നവരിൽ ഒരുവർഷത്തിനുശേഷം അപകടത്തിന് ഇടയാക്കുന്ന പ്രധാന ഘടകങ്ങൾ പ്രായം, സ്ട്രോക്ക് തീവ്രത, ശാരീരിക ബലഹീനത എന്നിവയാണെന്നാണ് കണ്ടെത്തൽ.സ്ട്രോക്ക് രജിസ്ട്രിയുടെ മെച്ചം രാജ്യത്തെ തന്നെ മികച്ച സ്ട്രോക്ക് രജിസ്ട്രിയാണ് പഠനത്തിന് സഹായമായത്.

മസ്തിഷ്കാഘാതവുമായി എത്തുന്നവരുടെ പൂർണ വിവരങ്ങൾ രജിസ്ട്രിയിലുണ്ട്. മാത്രമല്ല തുടർപരിശോധനാ വിശദാംശങ്ങളും രേഖപ്പെടുത്തുന്നു. അതിനാൽ രജിസ്ട്രി സമ്പൂർണമാകുന്നു.

കൊച്ചി എ.ഐ.എം.എസിലെ. ഡോ. വിവേക് നമ്പ്യാർ, ഡോ. മനുരാജ്, ഡോ. രഞ്ജിത ഭാസ്കരൻ, ഡോ. രമ്യ സുദേവൻ എന്നിവരുടെ ഗവേഷണ റിപ്പോർട്ടാണ് ബി.എം.ജെ. പ്രസിദ്ധീകരിച്ചത്.

ഗവേഷണങ്ങൾ തുടരുന്നു

സ്ട്രോക്ക് ചികിത്സ കൂടുതൽ ഫലപ്രദമാക്കാനും രോഗിയുടെ ഭാവിജീവിതം മെച്ചപ്പെടുത്താനുമുള്ള പഠനഗവേഷണങ്ങൾ സ്ട്രോക്ക് ഡിവിഷൻ തുടരുന്നുണ്ട്.

ഡോ. വിവേക് നമ്പ്യാർ,



## ലൈംഗികാതിക്രമം; ഹാർവി വെയ്ൻസ്റ്റെൻ കുറ്റക്കാരൻ, 24 വർഷം വരെ തടവ്

ലോസ് ആഞ്ജലീസ് ലൈംഗികാതിക്രമക്കേസിൽ മിറാമാക്സ് സ്റ്റുഡിയോയുടെ സ്ഥാപകനും ഹോളിവുഡ് നിർമ്മാതാവുമായ ഹാർവി വെയ്ൻസ്റ്റെൻ കുറ്റക്കാരനാണെന്നു തെളിഞ്ഞു. ഒരു മാസം നീണ്ടു നിന്ന വിചാരണയ്ക്കും ഒമ്പതു ദിവസത്തെ ചർച്ചകൾക്കുമൊടുവിലാണ് വെയ്ൻസ്റ്റെൻ കുറ്റവാളിയാണെന്ന് കോടതി വിധിച്ചത്. ബലാത്സംഗം, ലൈംഗികാതിക്രമം എന്നീ കുറ്റങ്ങൾക്ക് 24 വർഷം വരെ തടവു ലഭിച്ചേക്കാം.

കഴിഞ്ഞ രണ്ടുവർഷമായി മുഴങ്ങിക്കേൾക്കുന്ന മീ ടൂ ആരോപണങ്ങളിൽ പ്രധാനമായും ചർച്ചയായ പേരായിരുന്നു 67കാരനായ വെയ്ൻസ്റ്റെയ്ന്റേത്. നടിമാരായ ലൂസിയ ഇവാൻസ്, സൽമ ഹയെക്ക് എന്നവരടക്കം പന്ത്രണ്ടിലേറെ സ്ത്രീകളാണ് വെയ്ൻസ്റ്റെൻ ലൈംഗികമായി ചൂഷണം ചെയ്തെന്നാരോപിച്ച് രംഗത്ത് വന്നത്.

# പകർച്ചവ്യാധികൾ, പകരാത്തവ, അർബുദം; രോഗങ്ങളേറുന്നു, ചികിത്സച്ചെലവും –ഡോ.ബി. ഇക്ബാൽ

തൃശ്ശൂർ: പകർച്ചവ്യാധികൾ, പകരാത്തവ, അർബുദം, വയോജനാരോഗ്യ പ്രശ്നങ്ങൾ, ദുർബല മാനസികാരോഗ്യം, കോവിഡനന്തരപ്രശ്നങ്ങൾ, കാലാവസ്ഥാ വ്യതിയാന രോഗങ്ങൾ തുടങ്ങിയവ കേരളത്തിൽ പുതിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുവെന്ന് ആരോഗ്യ വിദഗ്ധൻ ഡോ. ബി. ഇക്ബാൽ.

വിവിധ ആരോഗ്യസൂചികകൾ പ്രകാരം വികസിതരാജ്യങ്ങൾക്കൊപ്പമാണ് കേരളം. എന്നാൽ, വർധിക്കുന്ന രോഗാതുരതയും ആരോഗ്യച്ചെലവും നമ്മുടെ സംസ്ഥാനത്തിന് കടുത്ത വെല്ലുവിളി യാണ്–അദ്ദേഹം പറഞ്ഞു. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സംസ്ഥാന ആരോഗ്യസെമിനാർ തൃശ്ശൂർ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രതിശീർഷ ആരോഗ്യച്ചെലവ് ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ 20 ശതമാനം പേരെങ്കിലും പ്രമേഹരോഗികളാണെന്ന് വിവിധ പഠനങ്ങൾ സൂചിപ്പിക്കുന്നു. 66 ശതമാനം പേർ പ്രമേഹ പൂർവസ്ഥിതിയിലാണ്. മൂന്നിലൊന്നുപേർ രക്താതിസമ്മർദമുള്ളവരാണ്. മാനസികരോഗികളുടെ നിരക്കും ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. വർധിച്ചുവരുന്ന ആത്മഹത്യാപ്രവണതയും മദ്യം, മയക്കുമരുന്ന് എന്നിവയോടുള്ള അമിതാസക്തിയും നരബലി പോലുള്ള ഹിംസാത്മകതയുമെല്ലാം ദുർബലമായ മാനസികാരോഗ്യത്തിന്റെ ലക്ഷണങ്ങളാണ് -ഡോ. ഇക്ബാൽ ചൂണ്ടിക്കാട്ടി.

ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.ബി. ഷീല അധ്യക്ഷയായി. ആരോഗ്യശാസ്ത്ര സർവകലാശാലാ വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ, പരിഷത്ത് ജനറൽ സെക്രട്ടറി ജോജി കൂട്ടുമ്മേൽ, ജില്ലാ പ്രസിഡന്റ് ഡോ. കെ. വിദ്യാസാഗർ, സംഘാടകസമിതി ജനറൽ കൺവീനർ ടി. സത്യനാരായണൻ, ആരോഗ്യ വിഷയസമിതി സംസ്ഥാന കൺവീനർ സി.പി. സുരേഷ്ബാബു തുടങ്ങിയവർ പങ്കെടുത്തു.

ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട്, റീജണൽ കാൻസർ സെന്റർ, നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് വിവിധ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽനിന്നുള്ള വിദഗ്ധരായ ഡോക്ടർമാർ 18 പ്രബന്ധങ്ങൾ രണ്ടുദിവസങ്ങളിലായി അവതരിപ്പിക്കുന്നുണ്ട്.




*ശാസ്ത്രസാഹിത്യ പരിഷത്ത് തൃശ്ശൂരിൽ സംഘടിപ്പിച്ച സംസ്ഥാന ആരോഗ്യ സെമിനാർ ഡോ. ബി. ഇക്ബാൽ ഉദ്ഘാടനം ചെയ്യുന്നു*

special-news




# റെയിൽവേ സ്റ്റേഷനിൽ ട്രെയിനുകളുടെ എണ്ണമെടുത്തത് ഒരുമാസം!; വൻ ജോലിതട്ടിപ്പ്, നഷ്ടമായത് കോടികൾ

**ന്യൂഡൽഹി:** ദിവസവും എട്ടുമണിക്കൂർ ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ. 'ജോലി' വരുന്നതും പോകുന്നതുമായ ട്രെയിനുകളുടെ എണ്ണമെടുക്കൽ! ഏകദേശം ഒരുമാസമാണ് ജോലിതട്ടിപ്പിനിരയായ 28 തമിഴ്നാട് സ്വദേശികൾ റെയിൽവേ സ്റ്റേഷനിൽ 'ട്രെയിനിങ്ങിന്റെ' ഭാഗമായി ട്രെയിനുകളുടെ എണ്ണമെടുത്തത്. എന്നാൽ തങ്ങൾ ചതിക്കപ്പെട്ടെന്ന് ബോധ്യപ്പെട്ടപ്പോഴേക്കും ലക്ഷങ്ങളുമായി തട്ടിപ്പുകാർ മുങ്ങിയിരുന്നു. തമിഴ്നാട് സ്വദേശിയും മുൻ സൈനികനുമായ എം.സുബ്ബുസാമി ഡൽഹി പോലീസിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിൽ പരാതി നൽകിയതോടെയാണ് ഡൽഹി കേന്ദ്രീകരിച്ച് നടന്ന വൻതൊഴിൽ തട്ടിപ്പ് പുറംലോകമറിയുന്നത്. റെയിൽവേയിൽ ജോലി വാഗ്ദാനം ചെയ്ത് ഏകദേശം രണ്ടരക്കോടിയിലേറെ രൂപ തട്ടിയെടുത്തെന്നാണ് കണ്ടെത്തൽ. തമിഴ്നാട്ടിൽനിന്നുള്ള ഒട്ടേറെ യുവാക്കളാണ് തട്ടിപ്പിനിരയായത്. തമിഴ്നാട് വിരുദുനഗർ സ്വദേശിയായ സുബ്ബസാമി നാട്ടുകാരായ യുവാക്കളെ 'സഹായിക്കാൻ' ശ്രമിച്ചതാണ് സംഭവങ്ങളുടെ തുടക്കം. സർവീസിൽനിന്ന് വിരമിച്ചതിന് ശേഷം നാട്ടിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് ജോലി കണ്ടെത്താനായി സുബ്ബസാമി പരിശ്രമിച്ചിരുന്നു. ഇതിനിടെയാണ് ഡൽഹിയിലെ ഒരു എം.പി.യുടെ ക്വാർട്ടേഴ്സിൽവെച്ച് കോയമ്പത്തൂർ സ്വദേശിയായ ശിവരാമനെ പരിചയപ്പെടുന്നത്. എം.പി.മാരുടെയും മന്ത്രിമാരുടെയും അടുത്തയാളാണെന്ന് അവകാശപ്പെട്ട ഇയാൾ, റെയിൽവേയിൽ ജോലി അവസരമുണ്ടെന്നും നടപടിക്രമങ്ങൾ സുഗമമാക്കി നൽകാമെന്നും വാഗ്ദാനം ചെയ്തു. ജോലി ആവശ്യമുള്ളവരുമായി ഡൽഹിയിലെത്താനും ആവശ്യപ്പെട്ടു. ഇതനുസരിച്ച് മൂന്നുപേരുമായാണ് സുബ്ബസാമി ഡൽഹിയിലേക്ക് പോയത്. ഓരോ ഉദ്യോഗാർഥിയും സുബ്ബസാമിക്കാണ് പണം നൽകിയിരുന്നത്. ഈ പണം നോർത്തേൺ റെയിൽവേ ഡെപ്യൂട്ടി ഡയറക്ടറെന്ന് പരിചയപ്പെടുത്തിയ വികാസ് റാണ എന്നയാൾക്ക് കൈമാറുകയായിരുന്നു. മൂന്നുപേർക്ക് റെയിൽവേയിൽ ജോലി കിട്ടിയെന്ന വാർത്ത നാട്ടിൽപരന്നതോടെ 25 പേർ കൂടി ജോലിക്കായി താത്പര്യം പ്രകടിപ്പിച്ചെത്തിയെന്നാണ് സുബ്ബസാമി പറയുന്നത്. ഇവരിൽനിന്നും തട്ടിപ്പുകാർ പണം വാങ്ങി. ഓരോ ഉദ്യോഗാർഥിയിൽനിന്നും രണ്ടുലക്ഷം മുതൽ 24 ലക്ഷം രൂപവരെയാണ് തട്ടിപ്പുകാർ ഈടാക്കിയിരുന്നത്. റെയിൽവേയിൽ ട്രാവൽ ടിക്കറ്റ് എക്സാമിനർ (ടിടിഇ) ട്രാഫിക് അസിസ്റ്റന്റ്, ക്ലാർക്ക് തുടങ്ങിയ 'ഒഴിവുകളിലേക്കാണ്' തട്ടിപ്പുകാർ നിയമനം നടത്തിയത്. ഓരോ ജോലിക്കും ഇവർ ഈടാക്കിയിരുന്ന തുകയും വ്യത്യസ്തമായിരുന്നു. പണം കൈമാറിയശേഷം ഉദ്യോഗാർഥികളെയെല്ലാം തട്ടിപ്പുസംഘം വൈദ്യപരിശോധനയ്ക്കായി വിളിപ്പിച്ചിരുന്നു. ഡൽഹിയിലെ റെയിൽവേ സെൻട്രൽ ആശുപത്രിയിലേക്കാണ് വൈദ്യപരിശോധനയ്ക്ക് വിളിപ്പിച്ചത്. പിന്നാലെ ശങ്കർ മാർക്കറ്റിലെ നോർത്തേൺ റെയിൽവേ ജൂനിയർ എൻജിനീയറുടെ ഓഫീസ് വളപ്പിൽവെച്ച് സർട്ടിഫിക്കറ്റ് പരിശോധനയും നടത്തി. തട്ടിപ്പുസംഘത്തിലെ പ്രധാനിയായ വികാസ് റാണയാണ് പണം വാങ്ങിയതെന്നാണ് ഉദ്യോഗാർഥികൾ പറയുന്നത്. റെയിൽവേ ഓഫീസ് കെട്ടിടത്തിന്റെ പുറത്തുവെച്ചാണ് ഇയാൾ സംസാരിച്ചതെന്നും ഒരിക്കലും തങ്ങളെ കെട്ടിടത്തിനകത്തേക്ക് കൊണ്ടുപോയിട്ടില്ലെന്നും യുവാക്കൾ പറയുന്നു. വൈദ്യപരിശോധനയും സർട്ടിഫിക്കറ്റ് പരിശോധനയുമെല്ലാം പൂർത്തിയാക്കിയതിന് ശേഷമാണ് ഉദ്യോഗാർഥികൾക്ക് ട്രെയിനിങ്ങിന് ചേരാനുള്ള ഉത്തരവും തിരിച്ചറിയൽ കാർഡുകളും മറ്റുരേഖകളും നൽകിയത്. ഇതനുസരിച്ചാണ് 28 പേരും ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിലെത്തി ട്രെയിനുകളുടെ എണ്ണമെടുത്തത്. തസ്തികകൾ പലതാണെങ്കിലും ഉദ്യോഗാർഥികൾക്കെല്ലാം ലഭിച്ച ട്രെയിനിങ് ഒന്നായിരുന്നു. റെയിൽവേ സ്റ്റേഷനിൽ ട്രെയിനുകൾ എത്തിച്ചേരുന്നതിന്റെയും പുറപ്പെടുന്നതിന്റെയും സമയം രേഖപ്പെടുത്തുക, കോച്ചുകളുടെ എണ്ണം രേഖപ്പെടുത്തുക തുടങ്ങിയവയായിരുന്നു ഒരുമാസത്തെ ട്രെയിനിങ്.ദിവസവും എട്ടുമണിക്കൂർ നേരം റെയിൽവേ സ്റ്റേഷനിലെ പല പ്ലാറ്റ്ഫോമുകളിലായാണ് ഇവർ പരിശീലനകാലയളവിൽ 'ജോലിചെയ്തത്'. ഏകദേശം ഒരുമാസത്തോളം ഇത്തരത്തിലുള്ള ട്രെയിനിങ് തുടർന്നതായാണ് റിപ്പോർട്ട്. ഒടുവിൽ തങ്ങൾക്ക് ലഭിച്ച നിയമന ഉത്തരവുകളും മറ്റും വ്യാജമാണെന്ന് കണ്ടെത്തിയതോടെയാണ് തട്ടിപ്പിനിരയായ കാര്യം യുവാക്കൾ തിരിച്ചറിഞ്ഞത്.

# 90-ാമത് ശിവഗിരി തീർത്ഥാടന വിളംബര ഘോഷയാത്ര

വർക്കല : 90ാമത് ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് എല്ലാവർഷവും നടത്തിവരാറുള്ള ഏഉജട വർക്കല മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തീർത്ഥാടന വിളംബര ഘോഷയാത്ര 24-00 തീയതി ഉച്ചയ്ക്ക് 3 മണിക്ക് വർക്കല ശ്രീനാരായണ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്നു. ശിവഗിരി ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി ബ്രഹ്മശ്രീ. ഋതംഭരാനന്ദ സ്വാമികൾ ഫ്ളാഗ്ഓഫ് ചെയ്ത് ഉദ്ഘാടനകർമ്മം നിർവ്വഹിക്കുന്നതാണ്. ശിവഗിരിയിലെ സന്യാസ ശ്രേഷ്ഠൻമാരുടെ അകമ്പടിയോടെ നടക്കുന്ന വിളംബര ഘോഷയാത്ര എസ്.എസ്.എൻ.എം.എം ഹോസ്പിറ്റൽ ജംഗ്ഷനിൽ നിന്നും തിരിച്ച് വർക്കല മൈതാനം ജംഗ്ഷൻ വഴി മഹാസമാധിയിൽ എത്തിച്ചേരുന്നതാണ്. ഘോഷയാത്ര സമാപന സമ്മേളനം ശിവഗിരി ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് പ്രസിഡന്റ് ബ്രഹ്മശ്രീ. സച്ചിദാനന്ദസ്വാമികൾ നിർവ്വഹിക്കുന്നതാണ്. 28-11-2022 വൈകുന്നേരം 4.00 മണിക്ക് ജി.ഡി.പി.എസ്. മണ്ഡലം പ്രസിഡന്റ് സുരേഷ് ബാബുവിന്റെ അദ്ധ്യക്ഷതയിൽ ശിവഗിരി ജി.ഡി.പി.എസ്. ഹാളിൽ വച്ച് കൂടിയ മണ്ഡലം കമ്മിറ്റി തീരുമാനമെടുത്തു




# ഉപഗ്രഹസർവേ നാടിനാപത്ത്, പ്രതിഷേധിക്കും -പി സി ജോർജ്

**കോട്ടയം** : ബഫർ സോൺ നിശ്ചയിക്കുന്നതിനുള്ള ഉപഗ്രഹ സർവേ ജനങ്ങൾക്ക് ആപത്താണെന്ന് മുൻ എംഎൽഎ പിസി ജോർജ്. കാട്ടുപന്നികളെയും പെരുമ്പാമ്പുകളെയും സംരക്ഷിക്കുന്ന സർക്കാർ, മനുഷ്യജീവന് വില നൽകുന്നില്ലെന്നും പി.സി ജോർജ് കോട്ടയത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഉപഗ്രഹ സർവേ റിപ്പോർട്ട് പ്രകാരം ബഫർസോൺ നിശ്ചയിക്കാനുള്ള നീക്കം അംഗീകരിക്കാനാവില്ല. മലയോരമേഖലകളുടെ ആശങ്കകൾ പരിഹരിക്കാൻ സർക്കാർ തയ്യാറായില്ലെങ്കിൽ ശക്തമായ ജനകീയ പ്രക്ഷോഭം ഉണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോട്ടയം ജില്ലയുടെ കിഴക്കൻ മലയോര മേഖലകളായ കോരുത്തോട്, എരുമേലി എന്നീ പഞ്ചായത്തുകളുടെ വിവിധ വാർഡുകളും ബഫർ സോൺ ആയി പ്രഖ്യാപിച്ചിരിക്കുകയാണ്. ആകെ ഭൂവിസ്തൃതിയുടെ 72.44% വനപ്രദേശമായ ഇടുക്കി ജില്ലയിൽ ഒരു കിലോമീറ്റർ ബഫർ സോൺ ആയി മാറിയാൽ വില്ലേജുകളെയാണ് അത് ബാധിക്കുന്നത്. ജില്ലയിൽ ജനജീവിതം അസാധ്യമായി തീരുന്ന സ്ഥിതിവിശേഷം ഉണ്ടാകുമെന്നും അദ്ദേഹം കോട്ടയത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. അടുത്ത ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ചേക്കുമെന്ന സൂചനയും പി സി ജോർജ് വാർത്താസമ്മേളനത്തിൽ നൽകി.






# നിർമിതബുദ്ധി ഗവേഷണം: ഐ.ഐ.ടി. മദ്രാസിന് 8.2 കോടിയുടെ ഗൂഗിൾ ഗ്രാൻറ്

ചെന്നൈ: നിർമിതബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ഗവേഷണത്തിന് ഐ.ഐ.ടി. മദ്രാസിന് ഗൂഗിളിന്റെ ഒരു മില്യൺ ഡോളർ (8.2 കോടിരൂപ) ഗ്രാന്റ്. ഇന്ത്യൻ സാഹചര്യത്തിൽ നിർമിതബുദ്ധി പക്ഷപാതിത്വത്തിന്റെ വിവിധവശങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിനാണ് ഗ്രാന്റ്. ഐ.ഐ.ടി.യിൽ ആരംഭിക്കുന്ന മൾട്ടി ഡിസിപ്ലിനറി സെന്ററാണ് ഗവേഷണം നടത്തുന്നത്. രാജ്യത്തെ ഇത്തരത്തിലുള്ള ആദ്യസംരംഭമായിരിക്കും ഇത്. ഗൂഗിളിന്റെ 100 ബില്യൺ ഡോളർ ഇന്ത്യ ഡിജിറ്റൈസേഷൻ ഫണ്ടിൽ (ഐ.ഡി.എഫ്.) നിന്നാകും ഗ്രാന്റ് ലഭിക്കുക. ഇന്ത്യയിൽ നിർമിതബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്തി പ്രവർത്തനം വ്യാപിപ്പിക്കാൻ ഗൂഗിൾ ഒരുങ്ങുകയാണ്. ഇതിന്റെഭാഗമായി ഗൂഗിളിൽ 100 ഇന്ത്യൻഭാഷകൾ കൈകാര്യം ചെയ്യാൻ എ.ഐ. ഉപയോഗപ്പെടുത്തുമെന്ന് സി.ഇ.ഒ. സുന്ദർ പിച്ചെ പറഞ്ഞു. ഐ.ഡി.എഫ്. ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ വിലയിരുത്താൻ ഇന്ത്യയിൽ സന്ദർശനം നടത്തുന്ന സുന്ദർ പിച്ചെ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി. ഐ.ഐ.ടി. മദ്രാസ് കൂടാതെ വികസന രംഗത്ത് പ്രവർത്തിക്കുന്ന വദ്വാനി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനും ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. കാർഷികമേഖലയിലെ എ.ഐ. സാധ്യതകൾ കണ്ടെത്തുന്നതിനാണ് വദ്വാനി ഇൻസ്റ്റിറ്റ്യൂട്ടിന് ഗ്രാൻഡ് ലഭിക്കുന്നത്. വിളകളിലെ രോഗം, വിളയുടെ അളവ് തുടങ്ങിയവ മുൻകൂട്ടി കാണുന്നതിന് എ.ഐ. ഉപയോഗത്തെക്കുറിച്ചുള്ള ഗവേഷണം വദ്വാനി ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കും.



# മദ്യവുമായെത്തിയ ലോറി പാലത്തിൽ തട്ടി; കുപ്പികൾ റോഡിലേക്ക്, ആളുകൾ ഓടിക്കൂടി വാരിയെടുത്തു

ഫറോക്ക്: കോഴിക്കോട് ഫാറോക്ക് പാലത്തിൽ മദ്യവുമായെത്തിയ ലോറി തട്ടി. ആയിരത്തോളം മദ്യക്കുപ്പികൾ റോഡിൽവീണു. താഴെവീണതിന് പിന്നാലെ മദ്യക്കുപ്പികൾ പലരും എടുത്തുകൊണ്ടുപോയി ചൊവ്വാഴ്ച രാവിലെയാണ് സംഭവം. ഹരിയാണ രജിസ്ട്രേഷനിലുള്ളതാണ് ലോറി.

ലോറി കടന്നുവരുന്നതിനിടെ പാലത്തിന്റെ പിറകിലെ കമാനത്തിൽ തട്ടി മദ്യക്കുപ്പികൾ അടങ്ങിയ പെട്ടി താഴേക്ക് വീഴുകയായിരുന്നു. എന്നാൽ ഇക്കാര്യം അറിയാതെ ഡ്രൈവർ വാഹനം ഓടിച്ചുപോയെന്നാണ് വിവരം. 500 മില്ലിലിറ്ററിന്റെ കുപ്പികളാണ് റോഡിൽ വീണത്.

തുടർന്ന് താഴെ വീണ കുപ്പികളിൽ ചിലത് നാട്ടുകാർ എടുത്തുകൊണ്ടുപോയി. ബാക്കിയുള്ളവ പോലീസ് എത്തി സ്റ്റേഷനിലേക്ക് കൊണ്ടുപോയി. ലോറി എറണാകുളത്തേക്ക് പോവുകയായിരുന്നു എന്നാണ് വിവരം. പോലീസ് തുടർ നടപടികൾ സ്വീകരിച്ചു. നവീകരിച്ച, പഴയപാലത്തിലെ കമാനത്തിൽ വാഹനങ്ങൾ ഇടിയ്ക്കുന്നത് പതിവാണ്.



# 2022ലെ ഒക്കാവ പുരസ്കാരം മലയാളി ശാസ്ത്രജ്ഞൻ ഡോ. ശ്രീ കെ. നായർക്ക്

ന്യൂയോർക്ക്: 2022-ലെ ഒക്കാവ പുരസ്കാരം മലയാളി ശാസ്ത്രജ്ഞൻ ഡോ. ശ്രീ കെ. നായർക്ക്. ജപ്പാനിലെ ഒക്കാവ ഫൗണ്ടേഷനാണ് പുരസ്കാരദാതാക്കൾ. അമേരിക്കയിലെ കൊളംബിയ സർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിലെ പ്രൊഫസറാണ് ഇദ്ദേഹം. ഇമേജിങ് സാങ്കേതികതയിൽ നൂതനമായ വഴിത്തിരിവ് സൃഷ്ടിക്കുകയും ഡിജിറ്റൽ ഫോട്ടോഗ്രാഫി രംഗത്തും കംപ്യൂട്ടർ ഡിസ്പ്ലേയിലും ഇത് ഏറെ പ്രയോജനകരമാവുകയും ചെയ്തതാണ് ശ്രീ കെ. നായരെ പുരസ്കാരത്തിന് അർഹനാക്കിയത്. ഇദ്ദേഹത്തിന്റെ കണ്ടുപിടിത്തം മൊബൈൽ ഫോൺ ക്യാമറകളുടെ വികസനത്തിലേക്ക് നയിക്കുന്ന സാങ്കേതികവിദ്യയ്ക്ക് അടിസ്ഥാനമായിട്ടുണ്ട്. 2023 മാർച്ചിൽ ജപ്പാനിലെ ടോക്കിയോയിൽ നടക്കുന്ന ചടങ്ങിൽവെച്ച് പുരസ്കാരം സമ്മാനിക്കും. കൊളംബിയ ഇമേജിങ് ആൻഡ് വിഷൻ ലാബോറട്ടറിയുടെ ഡയറക്ടർ കൂടിയാണ് ശ്രീ നായർ. തിരുവനന്തപുരം സ്വദേശിയായ ഇദ്ദേഹം, മുൻമുഖ്യമന്ത്രി പട്ടംതാണുപിള്ളയുടെ കൊച്ചുമകനാണ്. അന്താരാഷ്ട്രതലത്തിൽ, ഇൻഫർമേഷൻ-ടെലികമ്യൂണിക്കേഷൻ മേഖലകളിൽ വിശിഷ്ട സംഭാവനകൾ നൽകിയവരെ ആദരിക്കുന്നതിനായി 1996- മുതലാണ് ഒക്കാവ ഫൗണ്ടേഷൻ പുരസ്കാരം നൽകിത്തുടങ്ങിയത്. പ്രതിവർഷം രണ്ടുപേർക്കാണ് പുരസ്കാരം സമ്മാനിക്കുക, ഇതിൽ ഒരാൾ ജപ്പാൻ പൗരനായിരിക്കും. ഇത്തവണ ഡോ. ചീക്കോ അസകാവ എന്ന വനിതയാണ് ശ്രീ നായർക്കൊപ്പം പുരസ്കാരത്തിന് അർഹയായത്.

special-news



# പാർലമെന്റിൽ ലക്കുകെട്ട് വന്നു, ഇന്ന് മദ്യപിച്ച് സംസ്ഥാനം ഭരിക്കുന്നു'; മന്നിനെതിരെ ഹർസിമ്രത്

ന്യൂഡൽഹി: പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മന്നിനെതിരെ ലോക്സഭയിൽ കടുത്ത വിമർശനവുമായി ശിരോമണി അകാലിദൾ എം.പിയും മുൻ കേന്ദ്രമന്ത്രിയുമായ ഹർസിമ്രത് കൗർ ബാദൽ. എം.പിയായിരുന്ന കാലത്ത് മൻ പാർലമെന്റിൽ എത്തിയിരുന്നത് മദ്യപിച്ച് ലക്കുകെട്ട അവസ്ഥയിലായിരുന്നെന്നും അദ്ദേഹത്തിനടുത്തിരുന്ന എം.പിമാർ മന്നിനെതിരെ പരാതി പറഞ്ഞിരുന്നുവെന്നും കൗർ ആരോപിച്ചു.'കുറച്ച് കാലം മുമ്പുവരെ ഞങ്ങളുടെ മുഖ്യമന്ത്രി പാർലമെന്റിൽ വന്നിരുന്നു. മദ്യപിച്ച് ലക്കുകെട്ട് എത്തിയിരുന്ന അദ്ദേഹം ഇപ്പോൾ ഒരു സംസ്ഥാനം ഭരിക്കുകയാണ്. പാർലമെന്റിൽ അന്ന് അടുത്ത് ഇരിന്നിരുന്ന എം.പിമാർ അദ്ദേഹത്തിനെതിരേ പരാതി പറയാറുണ്ടായിരുന്നു. മുഖ്യമന്ത്രിയുടെ അവസ്ഥയിതാണെങ്കിൽ സംസ്ഥാനത്തിന്റെ അവസ്ഥ നിങ്ങൾക്ക് ആലോചിക്കാവുന്നതേയുള്ളൂ. മദ്യപിച്ച് വാഹനം ഓടിക്കരുതെന്ന ബോർഡുകൾ നിങ്ങൾക്ക് റോഡിൽ കാണാം. എന്നാൽ അവർ മദ്യപിച്ച് ഒരു സംസ്ഥാനംതന്നെ ഓടിക്കുകയാണ്', കൗർ പറഞ്ഞു.പഞ്ചാബിയിലായിരുന്നു മുൻ കേന്ദ്രമന്ത്രിയുടെ പരാമർശം. ആഭ്യന്തരമന്ത്രി അമിത് ഷായുടെ സാന്നിധ്യത്തിലായിരുന്നു വിമർശനം. ഒരു ചെറു ചിരിയായിരുന്നു ഹർസിമ്രത് കൗറിന്റെ പരാമർശത്തോട് ആഭ്യന്തരമന്ത്രി അമിത് ഷായുടെയും സ്പീക്കർ ഓം ബിർളയുടെയും പ്രതികരണം. മുഖ്യമന്ത്രിയുടെ മദ്യപാനത്തിനെതിരെ ശിരോമണി അകാലിദൾ നേരത്തേയും വിമർശനം ഉന്നയിച്ചിരുന്നു. ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ടിൽ അമിതമായി മദ്യപിച്ച മന്നിനെ വിമാനത്തിൽ നിന്ന് ഇറക്കിവിട്ടെന്ന് പാർട്ടി ആരോപിച്ചിരുന്നു. എന്നാൽ, ഇത്തരമൊരുസംഭവം ഉണ്ടായിട്ടില്ലെന്നും സാങ്കേതിക കാരണങ്ങളാൽ വിമാനം വൈകുക മാത്രമാണ് ഉണ്ടായതെന്നും അന്ന് ലുഫ്താൻസാ എയർലൈൻസ് വിശദീകരണം നൽകിയിരുന്നു.




# 5ജി നഗരമായി കൊച്ചി; കേരളത്തിൽ സേവനങ്ങൾക്ക് തുടക്കംകുറിച്ച് മുഖ്യമന്ത്രി

കൊച്ചി: കേരളത്തിൽ ജിയോ ട്രൂ 5ജി സേവനങ്ങൾക്ക് തുടക്കമായി. കൊച്ചി പനമ്പിള്ളി നഗറിൽ നടന്ന പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. 5 ജി സേവനം കേരളത്തിലെ ആരോഗ്യ, വിദ്യാഭ്യാസ, ഐടി മേഖലകൾക്ക് ഊർജം പകരുമെന്നും വിവിധ മേഖലകളുടെ വളർച്ചക്ക് 5 ജിയിലൂടെ സാധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. അതേസമയം, കേരളത്തിൽ ആദ്യമായി 5ജി സേവനങ്ങൾ ലഭ്യമാക്കുന്നതിൽ സന്തോഷമുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ മേയർ എം അനിൽകുമാർ പറഞ്ഞു. കൊച്ചി കോർപ്പറേഷൻ പരിധിയിലും ഗുരുവായൂർ ക്ഷേത്ര പരിസരത്തും ചൊവ്വാഴ്ച മുതൽ 5ജി സേവനങ്ങൾ ലഭ്യമാകും. അടുത്ത ഒരു മാസത്തിനുള്ളിൽ കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിലേക്കും 5ജി വ്യാപിപ്പിക്കുവാനാണ് ശ്രമിക്കുന്നത്. തിരഞ്ഞെടുത്ത മേഖലകളിൽ മാത്രമാകും ആദ്യഘട്ടത്തിൽ സേവനം ലഭ്യമാകുക. ഡിസംബർ അവസാനത്തോടെ രാജ്യത്തെ എല്ലാ താലൂക്കുകളിലും 5ജി സേവനങ്ങൾ ലഭ്യമാക്കും.




# മുഖ്യമന്ത്രിയുടെ യോഗത്തിലെ തീരുമാനങ്ങൾ 'മല പെറ്റ എലി പോലെ'; ബഫർ സോൺ വിഷയത്തിൽ കർഷകരുടെ താത്പര്യം സംരക്ഷിക്കുമെന്ന് രമേശ് ചെന്നിത്തല

**കോഴിക്കോട്:** ബഫർസോൺ വിഷയത്തിൽ സർക്കാരിനെതിരെ പ്രതിഷേധ സമരം ഏകോപിപ്പിക്കാനൊരുങ്ങി കോൺഗ്രസ്. മലയോര മേഘലയിലെ കർഷകരുടെ ആശങ്കകൾക്ക് പരിഹാരം കാണാനായി കോഴിക്കോട് കൂരാച്ചുണ്ടിൽ നടക്കുന്ന സമരപ്രഖ്യാപന കൺവെൻഷൻ രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. എന്ത് വില കൊടുത്തും കർഷകരുടെ താത്പര്യം കോൺഗ്രസ് സംരക്ഷിക്കുമെന്ന് മുൻ പ്രതിപക്ഷ നേതാവ് സമരവേദിയിൽ പ്രഖ്യാപനം നടത്തി. കെ-റെയിൽ പദ്ധതിയിലേത് പോലെ ബഫർ സോണിലും സർക്കാരിന് തിരിച്ചടി നേരിടേണ്ടി വരുമെന്ന് അദ്ദേഹം പറഞ്ഞു. ബഫർ സോൺ വിഷയത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിനെതിരെയും രമേശ് ചെന്നിത്തല വിമർശനമുന്നയിച്ചു. ''കെ റെയിൽ പെട്ടിയിൽ വെച്ചത് പോലെ ബഫർ സോണും പെട്ടിയിൽ വെപ്പിക്കും. കെ റെയിലിൽ ഒരിഞ്ച് പോലും പിന്നൊട്ട് പോകില്ലെന്നാണ് പിണറായി പറഞ്ഞത്. അവസാനം ഒരിഞ്ചല്ല ഒരുകിലോ മീറ്റർ പിന്നോട്ട് പോകേണ്ടി വന്നു. ഇത് തന്നെയാണ് ബഫർ സോണിലും സംഭവിക്കുക''. അദ്ദേഹം പറഞ്ഞു. വിഷയത്തിൽ ഏരിയൽ സർവേ കൊണ്ട് ഗുണമില്ലെന്നും ഇന്നത്തെ യോഗത്തിലെ തീരുമാനങ്ങൾ മല എലിയെ പ്രസവിച്ച പോലെയാണെന്നും രമേശ് ചെന്നിത്തല ആക്ഷേപമുന്നയിച്ചു. ഫീൽഡ് സർവേ പഞ്ചായത്തുകളുടെ കൂടെ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കേണ്ടതെന്നും ഉപഗ്രഹ സർവേ പൂർണമായും സർക്കാർ തള്ളിക്കളയണമെന്നും കോൺഗ്രസ് നേതാവ് ആവശ്യപ്പെട്ടു.



# തലസ്ഥാനത്ത് പുഷ്പോത്സവത്തിന് നാളെ തിരിതെളിയും, പൊതുജനങ്ങൾക്ക് പ്രവേശനം മറ്റന്നാൾ മുതൽ

**തിരുവനന്തപുരം:** തലസ്ഥാന നഗരത്തിന്റെ ക്രിസ്തുമസ് പുതുവത്സരാഘോഷങ്ങൾക്ക് മാറ്റുകൂട്ടാൻ നഗര വസന്തം പുഷ്പോത്സവം നാളെ ആരംഭിക്കും. സംസ്ഥാന ടൂറിസം വകുപ്പും തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും കേരള റോസ് സൊസൈറ്റിയും സംയുക്തമായി തിരുവനന്തപുരം നഗരസഭയുടെ സഹകരണത്തോടെയാണ് നഗരവസന്തം സംഘടിപ്പിക്കുന്നത്. പുഷ്പോത്സവത്തിന്റെ ഉദ്ഘാടനം നാളെ വൈകിട്ട് ആറിന് നിശാഗന്ധിയിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ് അധ്യക്ഷനാകും. മന്ത്രിമാരായ വി.ശിവൻകുട്ടി, ജി.ആർ. അനിൽ, അഡ്വ ആന്റണി രാജു, റോഷി അഗസ്റ്റിൻ, തിരുവനന്തപുരം നഗസഭ മേയർ ആര്യ രാജേന്ദ്രൻ, എംപമാരായ ശശി തരൂർ, എ.എ. റഹിം, വി.കെ. പ്രശാന്ത് എംഎൽഎ, റിഗാറ്റ നാട്യ സംഗീത കേന്ദ്ര ഡയറക്ടർ കലാമണ്ഡലം ഗിരിജ തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കും. കനകക്കുന്നിലും നിശാഗന്ധിയിലും സൂര്യകാന്തിയിലുമായി ഒരുക്കിയിട്ടുള്ള പുഷ്പോത്സവ പ്രദർശനത്തിലേക്ക് 22/12/2022 വൈകിട്ട് മൂന്നു മണി മുതൽ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കും. മുതിർന്നവർക്ക് 100 രൂപയും 12 വയസുവരെയുള്ള കുട്ടികൾക്ക് 50 രൂപയുമാണ് ടിക്കറ്റ് നിരക്ക്. തിരക്ക് ഒഴിവാക്കുന്നതിനായി നഗരത്തിലെ അഞ്ചു കേന്ദ്രങ്ങളിൽ ടിക്കറ്റ് കൗണ്ടറുകൾ സജ്ജമാക്കിയിട്ടുണ്ട്. കനകക്കുന്നിനു മുൻവശം, മ്യൂസിയത്തിനെതിർവശത്തുള്ള ടൂറിസം ഓഫിസ്, ജവഹർ ബാലഭവനു മുൻവശത്തുള്ള പുഷ്പോത്സവത്തിന്റെ സംഘാടക സമിതി ഓഫിസ്, വെള്ളയമ്പലത്തെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ഓഫിസ്, വഴുതക്കാട് ടാഗോർ തിയെറ്റർ എന്നിവിടങ്ങളിലാണ് ടിക്കറ്റ് കൗണ്ടറുകൾ സജ്ജമാക്കിയിട്ടുള്ളത്. നഗരവസന്തത്തിന്റെ ഭാഗമായുള്ള പ്രദർശനം രാത്രി ഒരു മണിവരെ നീണ്ടു നിൽക്കും. രാത്രി 12 മണിവരെ പ്രദർശനം കാണാനുള്ള ടിക്കറ്റുകൾ ലഭ്യമാകും. നൂറുകണക്കിന് ഇൻസ്റ്റലേഷനുകളാണ് വസന്തോത്സവത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുള്ളത്. ഇവ കനകക്കുന്ന് പരിസരത്തും നഗരത്തിലെ വിവിധ കേന്ദ്രങ്ങളിലുമായി സ്ഥാപിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷനുകൾ കേന്ദ്രീകരിച്ചാണ് നഗര വസന്തത്തിൽ പൂക്കളും ചെടികളും ക്രമീകരിച്ചിട്ടുള്ളത്. വിപുലമായ കട്ട് ഫ്ളവർ പ്രദർശനം, ബോൺസായ് പ്രദർശനം, അലങ്കാര മത്സ്യ പ്രദർശനം, അഡ്വഞ്ചർ ഗെയിംസ് 9ഡി തിയെറ്റർ തുടങ്ങിയ ആകർഷണങ്ങളും നഗര വസന്തത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. റിഗാറ്റ നാട്യ സംഗീത കേന്ദ്രത്തിന്റെ നേതൃത്വത്തിലുള്ള നൃത്ത പരിപാടികളും നഗര വസന്തത്തിന് മാറ്റുകൂട്ടും. സിനിമാ താരങ്ങളായ പത്മപ്രിയ, രചന നാരായണൻകുട്ടി തുടങ്ങിയവരും നീന പ്രസാദ്, രാജശ്രീ വാര്യർ, ഗോപിക വർമ, പ്രിയ വെമ്പട്ടി തുടങ്ങിയവരും നൃത്ത പരിപാടികൾ അവതരിപ്പിക്കും. പിന്നണി ഗായകരായ ഗായത്രി, രാജലക്ഷ്മി, പുഷ്പവതി, അഖില ആനന്ദ്, അപർണ രാജീവ്, നാരായണി ഗോപൻ, ഖാലിദ് തുടങ്ങിയവരുടെ സംഗീത പരിപാടികളും, കനൽ മ്യൂസിക്കൽ ബാൻഡ്, ജനമൈത്രി പൊലീസിന്റെ സാംസ്കാരിക വിഭാഗം എന്നിവരുടെ കലാപരിപാടികളും അരങ്ങേറും. പൊതുനിരത്തുകളിലും സൂര്യകാന്തി പരിസരത്തുമായി സോളോ ഉപകരണ സംഗീത പരിപാടികളും ഉണ്ടായിരിക്കും. കഫെ കുടുംബശ്രീയുടെ നേതൃത്വത്തിൽ 20ഓളം സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷണ വൈവിധ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഫുഡ് കോർട്ടും സൂര്യകാന്തിയിൽ സജ്ജീകരിച്ചിട്ടുണ്ട്



# ബഫർ സോൺ വിഷയത്തെ ഇത്രയും അപകടാവസ്ഥയിൽ എത്തിച്ചത് സർക്കാരിന്റെ അനാസ്ഥയും കെടുകാര്യസ്ഥതയുമെന്ന് പ്രതിപക്ഷനേതാവ്

**തിരുവനന്തപുരം:** സർക്കാരിന്റെ അനാസ്ഥയും കെടുകാര്യസ്ഥതയുമാണ് ബഫർ സോൺ വിഷയത്തെ ഇത്രയും അപകടാവസ്ഥയിൽ എത്തിച്ചതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കുകയാണ് ലക്ഷ്യമെന്ന് പറഞ്ഞ മുഖ്യമന്ത്രി അഞ്ച് ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

1. ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കാനാണെങ്കിൽ 2019 ലെ മന്ത്രിസഭായോഗ തീരുമാനത്തെ തുടർന്ന് ജനവാസ മേഖലകളെ ഉൾപ്പെടുത്തി ഒരു കിലോമീറ്റർ ബഫർ സോൺ രൂപീകരിക്കണമെന്ന ഉത്തരവിറക്കി കേന്ദ്ര സർക്കാരിനും സുപ്രീം കോടതിക്കും അയച്ചത് എന്തിന് വേണ്ടിയായിരുന്നു?
2. വിവാദ ഉത്തരവ് റദ്ദാക്കാതെ അവ്യക്തത നിറഞ്ഞ രണ്ടാമത്തെ ഉത്തരവിറക്കിയത് ആരെ സഹായിക്കാനാണ്?
3. റവന്യു തദ്ദേശ വകുപ്പുകളെ സഹകരിപ്പിച്ച് മാനുവൽ സർവേ നടത്താൻ തയാറാകാതെ ഉപഗ്രഹ സർവെ നടത്തി ദുരൂഹത സൃഷ്ടിച്ചത് എന്തിന് വേണ്ടിയായിരുന്നു?
4. അവ്യക്തതകൾ നിറഞ്ഞ ഉപഗ്രഹ സർവേ റിപ്പോർട്ട് മൂന്നര മാസത്തോളം പൂഴ്ത്തിവച്ചതെന്തിന്?
5. ഉപഗ്രഹ റിപ്പോർട്ടിൽ സുപ്രീം കോടതിയിൽ നിന്ന് കേരള താൽപര്യത്തിന് വിരുദ്ധമായ തീരുമാനമുണ്ടായാൽ അതിന്റെ ഉത്തരവാദിത്തം മുഖ്യമന്ത്രി ഏറ്റെടുക്കുമോ?

ജനവാസ കേന്ദ്രങ്ങളെ ബഫർ സോണിൽ ഉൾപ്പെടുത്താമെന്ന ഉത്തരവ് 2019 ൽ ഇറക്കിയതിന് പിന്നാലെയാണ് സുപ്രീം കോടതിയിൽ നിന്നും കേരളത്തിന് തിരിച്ചടിയുണ്ടായത്. ആ വിധിയുണ്ടായിട്ടും കാര്യങ്ങൾ പഠിച്ചില്ല. മാനുവൽ സർവെ നടത്തണമെന്നത് ഉൾപ്പെടെ സമഗ്രമായ നിർദ്ദേശങ്ങൾ പ്രതിപക്ഷം സമർപ്പിച്ചിട്ടും അത് പരിഗണക്കാനോ യോഗം വിളിച്ചു ചേർക്കാനോ തയാറായില്ല. ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ ചെയർമാനായ സമിതിയെയാണ് ഇപ്പോൾ എല്ലാ ചുമതലകളും ഏൽപ്പിച്ചിരിക്കുന്നത്. സെപ്തംബർ 30 ന് നിയോഗിച്ച സമിതി ചെയർമാന്റെ ആനുകൂല്യങ്ങൾ നിശ്ചയിച്ചുള്ള ഉത്തരവിറക്കിയത്, കാലാവധി അവസാനിക്കാൻ മൂന്നാഴ്ച ശേഷിക്കേ ഡിസംബർ 16 നാണ്. സമിതി ഒരു മാസത്തിനുള്ളിൽ ഇടക്കാല റിപ്പോർട്ടും മൂന്നു മാസത്തിനുള്ളിൽ അന്തിമ റിപ്പോർട്ടും നൽകുമെന്നാണ് പറഞ്ഞിരുന്നത്. എന്നിട്ടും ഇടക്കാല റിപ്പോർട്ട് നൽകാത്തത് എന്തുകൊണ്ടെന്ന് സർക്കാർ അന്വേഷിച്ചോ? കാലാവധി മൂന്നു മാസം പൂർത്തിയാകുമ്പോൾ സമിതി എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് മുഖ്യമന്ത്രിയോ മന്ത്രിമാരോ അന്വേഷിച്ചോ? ഓഗസ്റ്റ് 29 ന് കിട്ടിയ ഉപഗ്രഹ സർവെ റിപ്പോർട്ട് വ്യക്തതയില്ലാത്തതാണെന്ന് മനസിലായിട്ടും മൂന്നരമാസത്തോളം ഒളിച്ചുവച്ചത് എന്തിനാണ്? ജനവാസ കേന്ദ്രങ്ങളെയും ബഫർ സോണായി പ്രഖ്യാപിക്കണമെന്നതാണ് സർക്കാർ നിലപാട്. ജനവാസ കേന്ദ്രങ്ങളെ ഉൾപ്പെടുത്തരുതെന്ന ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തെ തീരുമാനത്തെ അട്ടിമറിക്കുന്നതാണ് 2019ലെ മന്ത്രിസഭാ യോഗത്തെ തുടർന്നുണ്ടായ ഉത്തരവ്. ബഫർ സോൺ വിഷയത്തിൽ സർക്കാർ ഉറങ്ങുകയോ അല്ലെങ്കിൽ ദുരൂഹമായ ഉറക്കം നടിക്കുകയോ ചെയ്യുകയാണ്. ചോദിക്കാനും പറയാനും ആരും ഇല്ലാത്ത അവസ്ഥയാണ്. ദുരൂഹത നിറഞ്ഞ നിരുത്തരവാദിത്തമാണ് സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായത്. കേരളത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായാണ് സർക്കാർ പ്രവർത്തിക്കുന്നത്. ബഫർ സോൺ വിഷയത്തിൽ സുപ്രീം കോടതി നിലപാട് ആവർത്തിച്ചാൽ കൃഷിയിറക്കാനോ വീടുവയ്ക്കാനോ സാധിക്കാതെ പതിനായിരക്കണക്കിന് കുടുംബങ്ങളെ അത് പ്രതികൂലമായി ബാധിക്കും. എന്നിട്ടും എത്ര ലാഘവത്തോടെയാണ് സർക്കാർ വിഷയം കൈകാര്യം ചെയ്യുന്നത്. വനം മന്ത്രി സുപ്രീം കോടതി വിധി തെറ്റായി വ്യാഖ്യാനിക്കുകയാണ്. ഉപഗ്രഹ സർവെ വേണമെങ്കിൽ നടത്താമെന്നാണ് ഉത്തരവിൽ പറയുന്നത്. മാനുവൽ സർവെ നടത്തണമെന്ന് പ്രതിപക്ഷം അന്നേ നിയമസഭയിൽ പറഞ്ഞതാണ്. വിഷയത്തോട് ക്രിയാത്മകമായാണ് പ്രതിപക്ഷം പ്രതികരിച്ചത്. ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഡെപ്യൂട്ടി കളക്ടർമാരെയും തഹസീൽദാർമാരെയും പഞ്ചായത്ത് സെക്രട്ടറിമാരെയും പ്രസിഡന്റുമാരെയും ഉൾപ്പെടുത്തി രണ്ടാഴ്ച കൊണ്ട് എല്ലാ ജില്ലകളിലും സർവെ പൂർത്തിയാക്കാമായിരുന്നു. പരമാവധി മൂന്നാഴ്ച കൊണ്ട് ചെയ്യാമായിരുന്ന സർവെയാണ് സർക്കാർ ഇത്രയും വൈകിപ്പിച്ചത്. ഉപഗ്രഹ സർവെ റിപ്പോർട്ട് കിട്ടി മൂന്നരയാഴ്ച പൂഴ്ത്തി വച്ചിട്ടും മനുവൽ സർവേയ്ക്ക് വേണ്ടിയുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചോ? മാനുവൽ സർവെ നടത്തുമെന്നാണ് മുഖ്യമന്ത്രി ഇന്നത്തെ യോഗത്തിലും പറയാൻ പോകുന്നത്. ഇത്രയും നിരുത്തരവാദിത്തപരമായി പ്രവർത്തിച്ച സർക്കാരിനെ വടി കൊണ്ട് അടിയ്ക്കുകയല്ല, തലയ്ക്കടിക്കുകയാണ് വേണ്ടത്. സർക്കാരിനെ കുറ്റപ്പെടുത്തുന്നവർക്ക് ദുരുദ്ദേശ്യമുണ്ടെന്നാണ് മുഖ്യമന്ത്രി പറയുന്നത്. പതിനായിരക്കണക്കിന് കുടുംബങ്ങളെ ബാധിക്കുന്ന ജനകീയ വിഷയം ഉണ്ടായാൽ പ്രതിപക്ഷം മിണ്ടാതിരിക്കണോ? മാവിലായിക്കാരനാണെന്നു പറഞ്ഞ് പോകണോ? സമരത്തിന് പിന്നിൽ ദുരുദ്ദേശ്യമുണ്ടെന്നു പറഞ്ഞ മുഖ്യമന്ത്രി ഇപ്പോൾ അവരെ ചർച്ചയ്ക്ക് വിളിച്ചിരിക്കുകയാണ്. സമരം ചെയ്യുന്നവർ തീവ്രവാദികളും മാവോയിസ്റ്റുകളുമാണെന്നാണ് വിഴിഞ്ഞത്തും 140 ദിവസവും പറഞ്ഞുകൊണ്ടിരുന്നത്. ബഫർ സേൺ വിഷയത്തിൽ സർക്കാർ കാട്ടിയ ഗുരുതരമായ അനാസ്ഥയ്ക്ക് ഉത്തരം പറഞ്ഞേ മതിയാകൂ. ഒരു ചോദ്യത്തിനും സർക്കാരിന് ഉത്തരം പറയാനാകില്ല. വിഷയത്തിൽ പ്രതിപക്ഷം സംവാദത്തിനും തയാറാണെന്നും വി.ജി സതീശൻ അറിയിച്ചു.



# രണ്ട് മാസം പ്രായമുള്ള കുഞ്ഞിനെ പാലത്തിന് മുകളിൽ ഉപേക്ഷിച്ചു : കുട്ടിയെ ഉപേക്ഷിച്ചവരുടെ ദൃശ്യം സിസിടിവിയിൽ

**സൂറത്ത് :** രണ്ട് മാസം പ്രായമുള്ള കുഞ്ഞിനെ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി . സൂറത്തിലെ അഡജാനിലെ കേബിൾ പാലത്തിന് മുകളിലാണ് കുഞ്ഞിനെ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയത് .കാൽനടയാത്രക്കാരനാണ് കുട്ടിയെ കണ്ട കാര്യം പോലീസിൽ അറിയിച്ചത് . കുട്ടിയെ ചികിത്സയ്ക്കായി ആശുപത്രിയിലേക്ക് മാറ്റി. പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. ദൃശ്യങ്ങളിൽ കുട്ടിയെ ഒരു സ്ത്രീയും,പുരുഷനും പാലത്തിന് മുകളിൽ ഉപേക്ഷിച്ച ശേഷം മടങ്ങുന്നതായി കാണാം. കുഞ്ഞിന്റെ ആരോഗ്യനില തൃപ്തികരമാണെന്ന് സിവിൽ ആശുപത്രി ആർഎംഒ കേതൻ നായക് പറഞ്ഞു. കുഞ്ഞിനെ എൻഐസിയുവിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. കുഞ്ഞിന് 2.5 കിലോഗ്രാം തൂക്കമുണ്ട് .വനിതാ പോലീസ് ഓഫീസറായ മമത മകാനയാണ് നിലവിൽ കുഞ്ഞിനെ പരിപാലിക്കുന്നത് . സൂറത്ത് ആസ്ഥാനമായുള്ള വ്യവസായിയും സാമൂഹിക പ്രവർത്തകനുമായ മഹേഷ് സവാനി കുട്ടിയുടെ സംരക്ഷണം ഏറ്റെടുക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട് .

# അർഹരായവർക്ക് സമയബന്ധിതമായി പട്ടയം നൽകാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കും:മന്ത്രി കെ രാജൻ



അർഹരായ മുഴുവൻ പേർക്കും സമയ ബന്ധിതമായി പട്ടയം നൽകാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന് റവന്യുമന്ത്രി കെ രാജൻ. പരിഹരിക്കപ്പെടേണ്ട സാങ്കേതിക പ്രശന്ങ്ങൾ വേഗത്തിൽ തീർപ്പാക്കി പരമാവധി പേർക്ക് പട്ടയം നൽകി ഭൂമിയുടെ അവകാശികളാക്കുകയെന്ന ലക്ഷ്യമാണ് സർക്കാർ ഏറ്റെടുത്തിരിക്കുത്. റവന്യു, സർവെ വകുപ്പുകളിലെ താലൂക്ക് തലം വരെയുള്ള ഓഫീസർമാരുടെ തിരുവനന്തപുരം മേഖലാ യോഗം ഐഎംജിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.ലാൻഡ് അസൈൻമെന്റ് കമ്മിറ്റികൾ യഥാസമയം യോഗം ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഇക്കാര്യത്തിലുള്ള കാലാതാമസം പട്ടയ നടപടികളും അർഹരായവർക്ക് പട്ടയം നൽകുന്നതും വൈകുന്നതിന് ഇടയാക്കും. ലാൻഡ്ട്രിബ്യൂണലുകളിലെ പട്ടയം സംബന്ധിച്ച വിഷയങ്ങളിൽ പരിഹാരമായാൽ 20000 പേർക്ക് പട്ടയം നൽകാൻ കഴിയും. ദേവസ്വം പട്ടയം കൊടുക്കുമ്പോൾ ആധികാരികത പരിശോധിക്കണമെന്ന് മാത്രമാണ് കോടതി പറഞ്ഞിട്ടുള്ളത്. കോടതി നിർദ്ദേശമെന്ന് പറഞ്ഞ് ദേവസ്വം പട്ടയങ്ങളുടെ പ്രവർത്തനം നിറുത്തിവയ്ക്കരുത്. മലയോര മേഖലകളിലെയും ആദിവാസികളുടെയും പട്ടയം നൽകുന്നത് വേഗത്തിലാക്കണം.പുറമ്പോക്ക് ഭൂമികളിൽ പട്ടയനടപടികൾ വേഗത്തിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായി ആശയവിനിമയം നടത്തി നടപടികൾ വേഗത്തിലാക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. ജനുവരി അവസാനത്തോടെ ഇ -ഡിസ്ട്രിക്ട് പദ്ധതി മുഴുവൻ ജില്ലകളിലും പൂർത്തിയാക്കണം. റവന്യു സേവനങ്ങൾ ഇ -സേവനങ്ങളാകുമ്പോൾ, ഏറ്റവും സാധാരണക്കാരായ ജനങ്ങൾക്ക് ബുദ്ധിമുട്ട് ആകാതിരിക്കാനും ശ്രദ്ധിക്കണം. സാധാരണക്കാർക്ക് റവന്യൂ സേവനങ്ങൾ പരിശോധിക്കുന്നതിന് വില്ലേജ് തല ജനകീയ സമിതികൾ മുഖേന കുടുംബത്തിലെ ഒരാൾക്കെങ്കിലും മൊബൈൽ ഫോണിലൂടെ റവന്യു ഇ സാക്ഷരത ഉറപ്പുവരുത്താനുള്ള പരിശീലനവും നൽകണം.ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട നടപടികളിൽ ജാഗ്രതയുണ്ടാകണം. ഭൂമി തരമാറ്റത്തിനുള്ള അറിയിപ്പുമായി ഏജൻസികളുടെ ബോർഡുകളും അറിയിപ്പുകളും പലയിടങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽ വന്നിട്ടുണ്ട്. പല ഓഫീസുകളുടെ പരിസരത്തും ഇത്തരം ബോർഡുകളും സ്റ്റിക്കറുകളും വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ കർശന നടപടികൾ ഉണ്ടാകും.വലിയ ഉത്തരവാദിത്തപ്പെട്ട പ്രവർത്തനങ്ങളാണ് റവന്യു വകുപ്പ് നിർവഹിക്കുന്നത്. ചെറിയയൊരു വിഭാഗത്തിന്റെ തെറ്റായ പ്രവർത്തനങ്ങൾ വ്യത്യസ്തമായ അഴിമതിയുടെ ഇടങ്ങളിലേക്ക് തള്ളിയിടാൻ കാരണമാകും. സംശുദ്ധമായി പ്രവർത്തിക്കുന്നവർക്കും പ്രയാസമുണ്ടാക്കും. ജനങ്ങളെ പൂർണമായി ബോധ്യപ്പെടുത്തി കേരളത്തെ സമ്പൂർണമായി ഡിജിറ്റലായി അളക്കുന്ന പരിവർത്തനത്തിന്റെ കാലത്താണ് ജോലി ചെയ്യുതെന്ന അഭിമാനത്തോടെയാകണം ജീവനക്കാരുടെ പ്രവർത്തനങ്ങളെന്നും മന്ത്രി ഓർമ്മിപ്പിച്ചുയോഗത്തിൽ ലാൻഡ് റവന്യു കമ്മീഷണർ ടി വി അനുപമ, ജോയിന്റ് കമ്മീഷണർ അർജുൻ പാണ്ഡ്യൻ, ജില്ലാ കലക്ടർമാരായ ഡോ. ദിവ്യ എസ് അയ്യർ, അഫ്സാന പർവീൺ, കൃഷ്ണതേജ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ താലൂക്ക് തലംവരെയുള്ള റവന്യൂ, സർവെ വകുപ്പ് ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

# കോഴിക്കോട് മെഡിക്കൽ കോളേജ്: മന്ത്രി വീണാ ജോർജ് അന്വേഷണത്തിന് ഉത്തരവിട്ടു

കോഴിക്കോട് മെഡിക്കൽ കോളേജിൽ മൃതദേഹത്തോട് അനാദരവ് കാട്ടിയെന്ന ആരോപണത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അന്വേഷണത്തിന് ഉത്തരവിട്ടു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയക്ടറോട് ഇതുസംബന്ധിച്ച അന്വേഷണം നടത്താൻ മന്ത്രി നിർദേശം നൽകി.

## സത്സംഗമാണ് മാനവരുടെ മഹാനിധി; ഡോ. കെ ഉണ്ണികൃഷ്ണൻ

**തിരുവനന്തപുരം:** സത്സംഗ ശേവധിർനൃണാം – സത്സംഗം മനുഷ്യരുടെ മഹനീയ നിധിയാണ്. അത് കൊണ്ട് പരമാവധി സത്സംഗങ്ങളിൽ പങ്കെടുത്ത് മനസ് നിർമ്മലമാക്കണമെന്ന് പൈതൃകരണം ഡോ. ഉണ്ണികൃഷ്ണൻ നമ്പൂതിരി അഭിപ്രായപ്പെട്ടു. ഭാഗവത സത്രത്തിൽ രുഗ്മിണീസ്വയംവരം എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.കുട്ടിക്കാലത്ത് ധാരളം സത്സംഗങ്ങൾ ലഭിച്ച രുഗ്മിണി ഭഗവാനെ ആശ്രയിക്കുന്നത് പോലെ നമ്മുടെ കുട്ടികൾക്കും പേരക്കുട്ടികൾക്കുമെല്ലാം സത്സംഗം കൂടി നൽകാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.തന്ത്രി ആറമ്പാടി വാസുദേവൻ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ അഷ്ടദ്രവ്യ ഗണപതിഹോമത്തോടെ ആരംഭിച്ച സത്രപരിപാടിയിൽ ഭാഗവതപാരായണത്തിന് ശേഷം നടന്ന സത്രപ്രഭാഷണത്തിൽ അക്രൂരാഗമനം മംഗളം രാമസ്വാമിയും, കംസവധം കൽപ്പകശ്ശേരി വേണുമൂസ്സതും, ഉദ്ധവഗോകുലയാത്ര കൊള്ളത്തൂർ മുരളീധരനും, ഭ്രമരഗീതം കൊളത്തൂർ പുരുഷോത്തമനും, സ്യമന്തക ചരിതം സി.വി സുബ്രഹ്മണിയും, ശ്രീകൃഷ്ണവിവാഹങ്ങൾ കാടാമ്പുഴ അപ്പുവാര്യരും ബാണയുദ്ധം കൃഷ്ണത്മാനന്ദ സരസ്വതി സ്വാമിയും നൃഗചരിതം വടശ്ശേരിക്കര ശബരീനാഥും, കൃഷ്ണഗൃഹസ്ഥലീല നാരായണ ഭട്ടതിരിപ്പാടും വർണ്ണിച്ചു.ദീപാരാധനയ്ക്ക് ശേഷം മുൻ പി.എസ്.സി ചെയർമാൻ കെ.എസ് രാധാകൃഷ്ണനും ഗുരുരത്നം ജ്ഞാനതപസ്വിയും ദാർശിക പ്രഭാഷണങ്ങൾ നടത്തി. ഡോ. ഭാവന രാധാകൃഷ്ണന്റെ സംഗീതസദസോട് കൂടി പരിപാടികൾ അവസാനിച്ചു.

# എല്ലാവരേയും നഷ്ടപ്പെട്ടിട്ട് അധികാരം കിട്ടിയിട്ട് എന്ത് കാര്യം: വി. ഡി സതീശൻ

**തിരുവനന്തപുരം:** ജീവിതത്തിലെ സകല കാര്യങ്ങളേയും പ്രതിപാതിക്കുന്നതാണ് നമ്മുടെ അമൂല്യമായ പുരാണ ഗ്രന്ഥങ്ങളെന്ന് പ്രതിപക്ഷ നേതാവ് വി. ഡി സതീശൻ പറഞ്ഞു. മഹാഭാരത യുദ്ധത്തിൽ ആരാണ് ജയിച്ചത്. എല്ലാവരേയും നഷ്ടപ്പെട്ട് അധികാരം കിട്ടിയിട്ട് എന്ത് കാര്യമെന്നും അതിന് എന്ത് പ്രസക്തിയെന്നും സതീശൻ ചോദിച്ചു. അധികാരികൾ മഹായുദ്ധങ്ങളിലേക്ക് പോകരുതെന്നാണ് മഹാഭാഗവതം പറയുന്നത്.ഭാഗവതം വിജ്ഞാന സാഗരമാണ്. ഓരോ സത്രം കഴിയുമ്പോഴും മനസിലാകുന്നത് നമ്മൾ ആ കടലിന്റെ തീരത്ത് എത്തിയെന്ന് മാത്രമാണ്. അമ്മമാരും, മുത്തശ്ശിമാരും പറഞ്ഞ തന്ന കഥകൾ കേട്ടാണ് നമ്മൾ വളർന്ന് വന്നത്. തലമുറകളിൽ നിന്നും തലമുറളിലേക്ക് കൈമാറി വന്നതാണ് അമ്മമാരും മുത്തശ്ശിമാരും പറഞ്ഞു വന്ന കഥകൾ . അവരെല്ലാം കൃഷ്ണപക്ഷവാദികളാണ്. കൃഷ്ണൻ തെറ്റ് ചെയ്താലും ശരി ചെയ്താലും അവർ അനുകൂലിക്കുന്നവരായിരുന്നു. ഇപ്പോഴത്തെ തലമുറയ്ക്കും അമ്മമാരും മുത്തശ്ശിമാരും കഥകൾ പറഞ്ഞു കൊടുക്കണം , അത് അവരുടെ അവകാശമാണ്. ഭരണാധികാരികളും, അധികാരികളും എല്ലാം ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. അതിനാൽ ഇതെല്ലാം കേട്ടിരിക്കേണ്ടത് നല്ലതാണെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ സത്രത്തിനോട് അനുബന്ധിച്ച് നടത്തിയ പ്രസംഗ, ചിത്രരചന മത്സരവിജയികൾക്കുള്ള പുരസ്കാരങ്ങളും പ്രതിപക്ഷ നേതാവ് സമ്മാനിച്ചു.സത്ര നിർവ്വഹണ സമിതി ചെയർമാൻ ആർ രാമചന്ദ്രൻ നായർ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ എംഎൽഎ വി.എസ് ശിവകുമാർ, , മീഡിയ കമ്മിറ്റി ചെയർമാൻ ആർ അജിത് കുമാർ, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ നാരായണ സ്വാമി, ഫിനാൻസ് കമ്മിറ്റി ചെയർമാൻ പി.എസ് ശ്രീകുമാർ തുടങ്ങിയവർ പങ്കെടുത്തു.പ്രസംഗ മത്സരം ജൂനിയർ , ആദ്ര എസ് കിരൻ ( ഒന്നാം സ്ഥാനം), വിഷ്ണു വി ( രണ്ടാം സ്ഥാനം), സജ്ഞീവ് ദാസ് ( മൂന്നാം സ്ഥാനം)സീനിയർ– കാശി ബാലശ്രീ ( ഒന്നാം സ്ഥാനം), അഭിഷേക് എസ് ( രണ്ടാം സ്ഥാനം ) ഷിർദി ജി ( മൂന്നാം സ്ഥാനം)ചിത്ര രചന ജൂനിയർ – ആദികേശ് കെ രാജീവ് ( ഒന്നാം സ്ഥാനം,) നക്ഷത്ര പി.എസ് ( രണ്ടാം സ്ഥാനം, അഭയ് എൻപി ( മൂന്നാം സ്ഥാനം)സീനിയർ – അഹാന സുനിൽ ( ഒന്നാം സ്ഥാനം), ഭദ്ര എസ് ( രണ്ടാം സ്ഥാനം, അതുൽ കൃഷ്ണ ( മൂന്നാം സ്ഥാനം).




*കേരള ഹൈക്കോടതി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഗജോത്സവത്തിന്റെ ഭാഗമായി നടത്തിയ മാധ്യമ സെമിനാർ ഉദ്ഘാടനം ചെയ്യുന്നു.എറണാകുളം പ്രസ് ക്ലബ് പ്രസിഡണ്ട് എം.ആർ ഹരികുമാർ, സംസ്ഥാന സർക്കാരിന്റെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി വേണു രാജാമണി,വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ സ്ഥാപകൻ വിവേക് മേനോൻ,ആന വിദഗ്ധനും ആരണ്യകം നേച്ചർ ഫൗണ്ടേഷൻ ചെയർമാനും ആയ ഡോ.പി.എസ് ഈസ തുടങ്ങിയവർ സമീപം*

# ആനകളുടെ സംരക്ഷണം: മാധ്യമ സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയും വിറ്റ്ലി ഫണ്ട് ഫോർ നേച്ചറും സംഘടിപ്പിക്കുന്ന മാധ്യമ സെമിനാർ കേരള ഹൈക്കോടതി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. എറണാകുളം താജ്ഗേറ്റ് വേയിൽ നടന്ന സെമിനാർ ഗജോത്സവത്തിന്റെ ഭാഗമായാണ് സംഘടിപ്പിച്ചത്. ആനകളും ആനകളെക്കുറിച്ചുള്ള പൊതുധാരണകളും എന്ന വിഷയത്തിൽ ആന വിദഗ്ധനും ആരണ്യകം നേച്ചർ ഫൗണ്ടേഷൻ ചെയർമാനും ആയ ഡോ.പി.എസ് ഈസ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന സർക്കാരിന്റെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി വേണു രാജാമണി, എറണാകുളം പ്രസ് ക്ലബ് പ്രസിഡണ്ട് എം.ആർ ഹരികുമാർ, വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ സ്ഥാപകൻ വിവേക് മേനോൻ, ഗജോത്സവം കേരള കോ-ഓർഡിനേറ്റർ സാജൻ ജോൺ തുടങ്ങിയവർ സംസാരിച്ചു.തുടർന്ന് നടന്ന മാധ്യമ സെമിനാറിൽ ദൈവത്തിന്റെ സ്വന്തം നാട്ടിലെ ആനകൾ എന്ന വിഷയത്തിൽ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ മുഖ്യ ഉപദേശകൻ ഡോ. എൻ വി കെ അഷ്റഫ്, ആനകളുടെ സഞ്ചാര അവകാശം എന്ന വിഷയത്തിൽ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ വൈൽഡ് ലൈഫ് കോറിഡോർ പദ്ധതി മേധാവി ഉപാസന ഗാംഗുലി, വന്യജീവി കുറ്റകൃത്യങ്ങളുടെ റിപ്പോർട്ടിങ് എന്ന വിഷയത്തിൽ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ ജോയിന്റെ ഡയരക്ടർ ജോസ് ലൂയീസ് എന്നിവർ സംസാരിച്ചു. ദി ഹിന്ദു സീനിയർ അസിസ്റ്റന്റ് എഡിറ്റർ കെ.എസ്.സുധി, മാതൃഭൂമി ടിവി റിപ്പോർട്ടർ ലാൽ കൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

# ചൈനയിൽ 60 ശതമാനം പേർക്കും കോവിഡ് ബാധിച്ചേക്കും



**ബെയ്ജിങ്:** ലോകം മുഴുവൻ കോവിഡിനെ ഏതാണ്ട് വരുതിയിലാക്കിയിട്ടും വൈറസിന്റെ ഉറവിട കേന്ദ്രമായ ചൈന ഇപ്പോഴും പൊരുതുകയാണ്.കടുത്ത കോവിഡ് നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞ ശേഷം രാജ്യത്ത് വൻതോതിൽ വൈറസ് വ്യാപനമാണുണ്ടാകുന്നത്. കോവിഡ് ബാധിച്ച് മരിക്കുന്നവരുടെ എണ്ണം കുതിച്ചുയരുകയാണ്. ചൈനയിലെ ആശുപത്രികളെല്ലാം നിറഞ്ഞുകവിഞ്ഞിരിക്കയാണ്. അടുത്ത മൂന്നുമാസം കൊണ്ട് ചൈനയിലെ 60 ശതമാനം പേർക്കും കോവിഡ് ബാധിച്ചേക്കാമെന്നാണ് എപിഡമിയോളജിസ്റ്റുകളുടെ വിലയിരുത്തൽ. ലോകജനസംഖ്യയുടെ 10 ശതമാനം വരുമിത്. മരണസംഖ്യ ദശലക്ഷങ്ങൾ കടക്കുമെന്നും വിലയിരുത്തലുകളുണ്ട്.അടുത്തിടെ ചൈനീസ് തലസ്ഥാനമായ ബെയ്ജിങ്ങിലെ ശ്മശാനങ്ങൾ കോവിഡ് ബാധിച്ച് മരിച്ചവരുടെ മൃതദേഹങ്ങൾ കൊണ്ട് നിറഞ്ഞതായുള്ള വാർത്തകൾ പുറത്തുവന്നിരുന്നു.എന്നാൽ അടുത്തൊന്നും കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നാണ് ഔദ്യോഗിക റിപ്പോർട്ട്. നവംബർ 19നും 23നുമിടെ നാല് കോവിഡ് മരണങ്ങളാണ് ഏറ്റവുമൊടുവിലായി പുറത്തുവന്ന ഔദ്യോഗിക കണക്ക്. മരുന്നുകൾ പോലും എല്ലായിടത്തും തീർന്നിരിക്കയാണ്.

# മഹാഭാരതത്തിലെ ക്ഷേത്രത്തിലേക്ക് പോകാൻ ഇന്ത്യയിൽ നിന്ന് 96 തീർത്ഥാടകർക്ക് പാകിസ്ഥാൻ വിസ അനുവദിച്ചു



പുണ്യസ്ഥലമായ ശ്രീ കടാസ് രാജ് ക്ഷേത്രം സന്ദർശിക്കുന്നതിനായി ഇന്ത്യയിൽ നിന്നുള്ള 96 ഹൈന്ദവ തീർത്ഥാടകർക്ക് വിസ അനുവദിച്ചതായി പാക്കിസ്ഥാൻ.ന്യൂഡൽഹിയിലെ പാകിസ്ഥാൻ ഹൈക്കമ്മീഷൻ ആണ് ഇക്കാര്യം അറിയിച്ചത്. ഡിസംബർ 20 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ ക്ഷേത്രം സന്ദർശിക്കാം.എന്തുകൊണ്ടാണ് ഹൈന്ദവവിശ്വാസികൾ ശ്രീ കടാസ് രാജ് ക്ഷേത്രം പുണ്യസ്ഥലമായി കണക്കാക്കുന്നത്? ക്ഷേത്രത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്? കൂടുതലറിയാം.പാക്കിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിലുള്ള ചക്വാൾ ജില്ലയിലാണ് പല ക്ഷേത്രങ്ങളുടെ സമുച്ചയമായ ശ്രീ കടാസ് രാജ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഇത് ഒരു ഹിന്ദു തീർത്ഥാടന കേന്ദ്രമാണ്.'കടാക്ഷ' എന്ന സംസ്കൃത വാക്കിൽ നിന്നാണ് 'കടാസ്' എന്ന പേര് രൂപം കൊണ്ടത്. 'നിറഞ്ഞ കണ്ണുകൾ' എന്നാണ് ഇതിനർത്ഥം. തൻറെ പത്നിയായ സതീദേവിയുടെ മരണത്തെത്തുടർന്ന് അതീവ ദു:ഖത്തിലായ ശിവൻറെ കണ്ണുനീരിൽ നിന്നാണ് ഇവിടുത്തെ കുളം രൂപപ്പെട്ടത് എന്നാണ് വിശ്വാസം.മഹാഭാരതത്തിൽ ഈ ക്ഷേത്രത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. പാണ്ഡവ സഹോദരന്മാർ വനവാസ കാലത്ത് ക്ഷേത്രം നിലനിൽക്കുന്ന സ്ഥലത്ത് താമസിച്ചിരുന്നു എന്നാണ് പറയുന്നത്.രാമൻ, ഹനുമാൻ, ശിവൻ എന്നിവർക്കായി സമർപ്പിച്ചിരിക്കുന്ന ഈ ക്ഷേത്രങ്ങൾ ഹൈന്ദവ വിശ്വാസികളുടെ ഏറ്റവും വലിയ രണ്ടാമത്തെ പുണ്യസ്ഥലമായി കണക്കാക്കപ്പെടുന്നു. ഈ സമുച്ചയത്തിലെ പല ക്ഷേത്രങ്ങളും കാശ്മീരി വാസ്തുവിദ്യ പ്രകാരം നിർമിച്ചതാണെന്നും 11-ാം നൂറ്റാണ്ടിലായിരുന്നു നിർമാണമെന്നും ചരിത്രരേഖകൾ സൂചിപ്പിക്കുന്നു.ഹൈന്ദവർക്കു പുറമേ, സിഖുകാർക്കും ഇവിടം പുണ്യസ്ഥലമാണ്. ഇവിടെ നിന്ന് ഏതാനും കിലോമീറ്റർ അകലെയാണ് ഗുരുനാനാക്കിന്റെ വിശ്രമകേന്ദ്രമെന്ന് വിശ്വസിക്കപ്പെടുന്ന ഗുരുദ്വാരയുടെ അവശിഷ്ടങ്ങൾ ഉള്ളത്.സാധാരണയായി വർഷത്തിൽ രണ്ടു തവണയാണ് കടാസ് രാജ് ക്ഷേത്രത്തിലേക്കുള്ള തീർത്ഥാടനം നടക്കുക. ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ശിവരാത്രി സമയത്തും നവംബർ, ഡിസംബർ മാസങ്ങളിലുമാണ് അത്. വിഭജനത്തിനു ശേഷം ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ ഒപ്പുവച്ച കരാർ പ്രകാരമാണ് ഇന്ത്യയിലെ ഹിന്ദു തീർഥാടകർക്ക് ക്ഷേത്രം സന്ദർശിക്കാൻ അനുമതി ലഭിച്ചത്. തുടക്കത്തിൽ ഇന്ത്യയിൽ നിന്നും പ്രതിവർഷം 20 തീർത്ഥാടകർക്ക് മാത്രമേ ശ്രീ കടാസ് രാജ് ക്ഷേത്രം സന്ദർശിക്കാൻ അനുമതി ലഭിച്ചിരുന്നുള്ളൂ. അത് പിന്നീട് 50 ആയും 100 ആയും 200 ആയും ഉയർന്നു. 2005-ൽ ഇന്ത്യയുടെ മുൻ ഉപപ്രധാനമന്ത്രി എൽ കെ അദ്വാനി ശ്രീ കടാസ് രാജ് ക്ഷേത്രം സന്ദർശിച്ചിരുന്നു. ക്ഷേത്രം പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.പാക്കിസ്ഥാനിൽ പർവേസ് മുഷറഫിന്റെ ഭരണകാലത്ത് ക്ഷേത്രം പുനരുദ്ധരിക്കാൻ തുടങ്ങിയിരുന്നു. ശിവരാത്രി ദിനത്തിൽ ഇന്ത്യൻ തീർത്ഥാടകരെ അവിടേക്ക് ക്ഷണിക്കുകയും ചെയ്തു. എന്നാൽ, 2008ലെ മുംബൈ ഭീകരാക്രമണത്തിന് ശേഷം കടാസ് രാജ് ക്ഷേത്രത്തിലേക്ക് തീർഥാടകർ കുറഞ്ഞു.ചുറ്റുമുള്ള സിമൻറ് ഫാക്ടറികൾ കുഴൽക്കിണറുകളിലൂടെ ജലം വലിച്ചെടുക്കുന്നതിനാൽ ക്ഷേത്ര സമുച്ചയത്തിലെ കുളം വറ്റിവരളുകയാണെന്ന് ചൂണ്ടിക്കാട്ടി 2017-ൽ പാകിസ്ഥാൻ സുപ്രീം കോടതി സ്വമേധയാ കേസെടുത്തിരുന്നു.

# ഈ പുതുവർഷത്തിൽ ലൈസൻസില്ലെങ്കിൽ, സംഗീതമില്ല

## ലൈസൻസില്ലാതെ പിപിഎൽ സംഗീതം പ്ലേ ചെയ്യുന്ന പകർപ്പവകാശ ലംഘനത്തിനെതിരെ ബോംബെ ഹൈക്കോടതിയുടെ രൂക്ഷ വിമർശനം

2022 ഡിസംബറിൽ വ്യക്തിഗത സ്ഥാപനങ്ങൾക്കെതിരെ പുറപ്പെടുവിച്ച ഉത്തരവുകളുടെ ഒരു പരമ്പരയിൽ, ക്സീക്കോ മീഡിയ എൽ എൽ പി (ഡിസ്കവർ റിസോർട്ട്സ്), ഡിജി1 ഇലക്ട്രോണിക്സ്, ദി ബാർ സ്റ്റോക്ക് എക്സ്ചേഞ്ച്, സ്നോ വെർൾഡ് എന്റർടൈൻമെന്റ്, അടയാർ ഗേറ്റ് ഹോട്ടൽസ്, ബൈക്ക് ഹോസ്പിറ്റാലിറ്റി, സിദ്ധിവിനായക് ഹോസ്പിറ്റാലിറ്റി, എഫ് എം എൽ ഹോസ്പിറ്റാലിറ്റി, സായ് സിൽക്സ് (കലാമന്ദിര്), അംബുജ നെയോട്ടിയ തുടങ്ങിയ പബ്ബുകൾ, ക്ലബ്ബുകൾ, ബാറുകൾ, ഹോൾഡിംഗ്സ്, ജി ആർ ടി ഹോട്ടലുകളും റിസോർട്ടുകളും രാജ്യത്തുടനീളമുള്ള അവരുടെ ഔട്ട്ലെറ്റുകളും, ഹോട്ടലുകൾ, റിസോർട്ടുകൾ, ലോഞ്ചുകൾ, തുടങ്ങിയ നൂറുകണക്കിന് പ്രമുഖ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസില്ലാതെ ഫോണോഗ്രാഫിക് പെർഫോമൻസ് ലിമിറ്റഡിന്റെ (പിപിഎൽ) പകർപ്പവകാശ പരിരക്ഷിത ശബ്ദ റെക്കോർഡിംഗുകൾ ഉപയോഗിക്കുന്നത് ബോംബെ ഹൈക്കോടതി തടഞ്ഞു.പുതുവത്സര രാവ്, ക്രിസ്മസ്, മറ്റ് ഏതെങ്കിലും ഇവന്റുകൾ അല്ലെങ്കിൽ വർഷം മുഴുവനും പശ്ചാത്തലത്തിൽ പൊതു സ്ഥലങ്ങളിൽ പ്ലേ ചെയ്യുന്നതുൾപ്പെടെയുള്ള സംഗീതത്തിന്റെ എല്ലാ ഉപയോഗത്തിനും ഉത്തരവ് ബാധകമായതിനാൽ ഈ കോടതി ഉത്തരവിന് വലിയ പ്രാധാന്യമുണ്ട്.മലയാളം, ഹിന്ദി, ഇംഗ്ലീഷ്, തമിഴ് തുടങ്ങി നിരവധി ഭാഷകളിലായി 4 ദശലക്ഷത്തിലധികം ആഭ്യന്തര, അന്തർദേശീയ ശബ്ദ റെക്കോർഡിംഗുകൾ നിയന്ത്രിക്കുന്ന 350-ലധികം മ്യൂസിക് ലേബലുകളുടെ ഗ്രൗണ്ട് പെർഫോമൻസ് അവകാശങ്ങൾ നിയന്ത്രിക്കുന്ന/സ്വന്തമായ ഒരു സംഗീത ലൈസൻസിംഗ് കമ്പനിയാണ് എൺപത് വർഷം പഴക്കമുള്ള സ്ഥാപനമായ പിപിഎൽ ഇന്ത്യ. ആദിത്യ മ്യൂസിക്, ആനന്ദ ഓഡിയോ, ഡിവോ, ദിൽജിത് ദോസഞ്ച്, ലഹരി മ്യൂസിക്, സരേഗമ, സോണി മ്യൂസിക്, സോണോടെക്, ടി-സീരീസ്, ടൈംസ് മ്യൂസിക്, യൂണിവേഴ്സൽ മ്യൂസിക്, വാർണർ മ്യൂസിക് തുടങ്ങിയ ഏറ്റവും വലിയ റെക്കോർഡ് ലേബലുകളുടെ റെക്കോർഡ് ചെയ്ത പാട്ടുകളുടെ ഗ്രൗണ്ട് ഉപയോഗത്തിനുള്ള അവകാശം ഇത് നിയന്ത്രിക്കുന്നു. രണ്ടു തരത്തിലുള്ള ലൈസൻസുകൾ ആണ് വാണിജ്യ സ്ഥാപനങ്ങൾക്കു ലഭ്യമാക്കിയിട്ടുള്ളത്. വർഷം മുഴുവനും തങ്ങളുടെ സ്ഥാപനത്തിലും പരിസരത്തും പശ്ചാത്തലത്തിൽ പകർപ്പവകാശമുള്ള പാട്ടുകൾ പ്ലേ ചെയ്യുന്നതിനുള്ളതാണു ആദ്യത്തെ ലൈസൻസ്. പുതുവത്സരം, ക്രിസ്മസ്, വാലന്റൈൻസ് ഡേ, ഹോളി തുടങ്ങിയ ആഘോഷങ്ങൾക്കോ അല്ലെങ്കിൽ കോർപ്പറേറ്റ് ഇവന്റുകൾ തുടങ്ങിയ പരിപാടികൾക്കോ വേണ്ടിയുള്ള ലൈസൻസാണ് രണ്ടാമത്തേത്.'സംഗീത പകർപ്പവകാശം ലോകമെമ്പാടും വളരെ ചെലവേറിയതാണ്, അവിടെ സംഗീത കമ്പനികൾ സംഗീതം നിർമ്മിക്കുന്നതിനും സ്വന്തമാക്കുന്നതിനുമായി നിരവധി ബില്യണുകളും ട്രില്ല്യണുകളും നിക്ഷേപിക്കുന്നു. പിപിഎൽ അതിന്റെ സംഗീതം ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ആവശ്യപ്പെടുന്ന ലൈസൻസ് ഫീസ് വളരെ നാമമാത്രവും യുക്തിസഹവും പ്രസിദ്ധീകരിച്ച താരിഫുകളെ അടിസ്ഥാനമാക്കിയുള്ളതുമാണ്. ഇന്ത്യയിൽ, എല്ലാ അവസരങ്ങളിലും സംഗീതം ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെങ്കിലും, അതിന്റെ ഉപയോഗത്തിന് പണം നൽകാത്ത ഒരു മാനസികാവസ്ഥ പലർക്കും ഉണ്ട്, ഇത് യഥാർത്ഥ ഉടമകൾക്ക് മാത്രമല്ല, മുഴുവൻ സർഗ്ഗാത്മക സമൂഹത്തിനും വലിയ നഷ്ടമുണ്ടാക്കുന്നു. മുൻകൂറായി ലൈസൻസ് വാങ്ങിയ എല്ലാ സ്ഥാപനങ്ങൾക്കും പിപിഎൽ ആത്മാർത്ഥമായി നന്ദി പറയുമ്പോൾ, നിയമലംഘനം നടത്തുന്നവർക്കെതിരെ കോടതിയിൽ നിന്ന് ആശ്വാസം തേടുകയല്ലാതെ മറ്റൊരു പോംവഴിയുമില്ല.' പിപിഎൽ ഇന്ത്യയുടെ എംഡിയും സിഇഒയുമായ ജി.ബി അയീർ പറഞ്ഞു.നിയമം പാലിക്കാത്ത കുറച്ച് ഉപയോക്താക്കൾക്കെതിരെ ബോംബെ ഹൈക്കോടതി പുറപ്പെടുവിച്ച നിരോധന ഉത്തരവിനെക്കുറിച്ച് കേട്ട്, മറ്റ് പല സ്ഥാപനങ്ങളും സ്വമേധയാ മുന്നോട്ട് വന്ന് പിപിഎലിൽ നിന്ന് ലൈസൻസ് നേടിയിട്ടുണ്ട്.




# എഫ്ഐടി റാങ്കിങ്ങിന് തുടക്കമിട്ട് ട്രാൻസ്യൂണിയൻ സിബിലും പിഎസ്ബി ലോൺസും

**കൊച്ചി:** സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ സമഗ്ര റാങ്കിങ് മാതൃകയായ എഫ്ഐടി റാങ്കിന് ട്രാൻസ്യൂണിയൻ സിബിലും ഓൺലൈൻ പിഎസ്ബി ലോൺസും ചേർന്ന് തുടക്കം കുറിച്ചു. ആവശ്യമായ സേവനങ്ങൾ ലഭിച്ചിട്ടില്ലാത്തതും ഒട്ടും തന്നെ ലഭ്യമല്ലാത്തതുമായ മേഖലകളിൽ എംഎസ്എംഇകൾക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാകുന്നതു ത്വരിതപ്പെടുത്താനുള്ള നീക്കങ്ങളാണ് എഫ്ഐടി റാങ്കിങ്ങിലൂടെ ഉദ്ദേശിക്കുന്നത്. ഇത്തരം സംരംഭങ്ങൾ എടുക്കുന്ന വായ്പകൾ അടുത്ത 12 മാസങ്ങളിൽ നിഷ്ക്രിയ ആസ്തികളാകാനുള്ള സാധ്യതയാവും ഈ റാങ്കിങ്ങിലൂടെ വിലയിരുത്താനാവുക.ഇന്ത്യൻ സമ്പദ്ഘടനയുടെ അടിസ്ഥാന ഘടകമാണ് എംഎസ്എംഇ മേഖലയെന്നും രാജ്യത്തെ അർഹതയുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക പിന്തുണ നൽകേണ്ടത് അനിവാര്യമായ ഒന്നാണെന്നും ട്രാൻസ്യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജേഷ് കുമാർ പറഞ്ഞു. സർക്കാരിന്റെ ആത്മനിർഭർ ഭാരത് നീക്കങ്ങൾക്കു പിന്തുണ നൽകാനും ഈ മേഖലയിലെ വായ്പകൾ ഗണ്യമായി വർധിപ്പിക്കാനും എഫ്ഐടി റാങ്ക് സഹായിക്കുമെന്ന് ഓൺലൈൻ പിഎസ്ബി ലോൺസ് മാനേജിങ് ഡയറക്ടർ ജിനന്ദ് ഷാ ചൂണ്ടിക്കാട്ടി.





# നിറപറ ബ്രാൻഡ് വിപ്രോ ഏറ്റെടുക്കും


**കൊച്ചി:** വിപ്രോ കൺസ്യൂമർ കെയർ, ഭക്ഷ്യോല്പന്ന വിപണന മേഖലയിലേക്കു ചുവടുവയ്ക്കുന്നു. ഇതിന്റെ ഭാഗമായി പ്രമുഖ പാക്കേജ്ഡ് ഫുഡ് ആൻഡ് സ്പൈസസ് ബ്രാൻഡായ നിറപറ വിപ്രോ ഏറ്റെടുക്കും. ഇതു സംബന്ധിച്ച് അന്തിമ കരാറിലെത്തിയതായി വിപ്രോ അധികൃതർ അറിയിച്ചു.ഏറ്റെടുക്കലിലൂടെ പാക്കേജ്ഡ് ഫുഡ്സ്, സ്പൈസസ് വിഭാഗത്തിൽ ഗണ്യമായ സ്ഥാനം നേടിയെടുക്കാനാവുമെന്നാണു വിപ്രോ കൺസ്യൂമർ കെയറിൻറെ പ്രതീക്ഷ



# അപർണ ബാലമുരളി ചിത്രം 'ഇനി ഉത്തരം' ഒടിടി റിലീസിന്; തീയതി പ്രഖ്യാപിച്ചു

അപർണ ബാലമുരളി നായികയായി ഏറ്റവും ഒടുവിൽ പ്രദർശനത്തിന് എത്തിയ മലയാള ചിത്രമാണ് 'ഇനി ഉത്തരം'.സുധീഷ് രാമചന്ദ്രൻ ആണ് ചിത്രം സംവിധാനം ചെയ്തത്. രഞ്ജിത് ഉണ്ണിയുടേതാണ് ചിത്രത്തിന്റെ തിരക്കഥ. തിയറ്ററുകളിൽ മികച്ച പ്രതികരണം നേടിയ ചിത്രത്തിന്റെ ഒടിടി റിലീസും തീരുമാനിച്ചിരിക്കുകയാണ്.അപർണ ബാലമുരളി നായികയായ 'ഇനി ഉത്തരം' സീ 5ൽ ഡിസംബർ 23 മുതലാണ് സ്ട്രീമിംഗ് ചെയ്തു തുടങ്ങുക. ഹരീഷ് ഉത്തമൻ, സിദ്ധാർത്ഥ് മേനോൻ, സിദ്ദിഖ്, ജാഫർ ഇടുക്കി, ഷാജു ശ്രീധർ, ജയൻ ചേർത്തല, ബിനീഷ് പി, ഭാഗ്യരാജ് തുടങ്ങിയവരാണ് അപർണാ ബാലമുരളിക്കൊപ്പം ചിത്രത്തിൽ അഭിനയിച്ച മറ്റു പ്രധാന താരങ്ങൾ. ചിത്രത്തിന്റെ ഛായാഗ്രഹണം രവിചന്ദ്രൻ നിർവ്വഹിക്കുന്നു. വിനായക് ശശികുമാർ എഴുതിയ വരികൾക്ക് ഹിഷാം അബ്ദുൽ വഹാബ് സംഗീതം പകർന്നു.എ ആൻഡ് വി എന്റർടെയ്ൻമെന്റിന്റെ ബാനറിൽ വരുൺ, അരുൺ എന്നിവർ ചേർന്നാണ് ചിത്രം നിർമിച്ചത്. പ്രൊഡക്ഷൻ കൺട്രോളർ റിന്നി ദിവാകർ, റിനോഷ് കൈമൾ, കലാസംവിധാനം അരുൺ മോഹനൻ, മേക്കപ്പ് ജിതേഷ് പൊയ്യ, വസ്ത്രാലങ്കാരം ധന്യ ബാലകൃഷ്ണൻ, സ്റ്റിൽസ് ജെഫിൻ ബിജോയ്, പരസ്യകല ജോസ് ഡോമിനിക്, ചീഫ് അസോസിയേറ്റ് ഡയറക്ടർ ദീപക് നാരായൺ, പ്രൊജക്റ്റ് ഡിസൈനർ ആന്റ് മാർക്കറ്റിംങ് എച്ച് 20 സ്പെൽ എന്നിവരാണ്. പിആർഒ എ എസ് ദിനേശ്, ഡിജിറ്റൽ പിആർഒ: വൈശാഖ് സി വടക്കേവീട്.മികച്ച നടിക്കുള്ള ഇത്തവണത്തെ ദേശീയ ചലച്ചിത്ര പുരസ്കാരം അപർണ ബാലമുരളിക്ക് ആയിരുന്നു. 'സൂരറൈ പോട്ര്' എന്ന തമിഴ് ചിത്രത്തിലെ അഭിനയത്തിനായിരുന്നു അവാർഡ് ലഭിച്ചത്. സൂര്യ നായകനായ ചിത്രത്തിൽ 'ബൊമ്മി' എന്ന കഥാപാത്രത്തെയാണ് അപർണ അവതരിപ്പിച്ചത്. ചിത്രത്തിലെ തന്നെ പ്രകടനത്തിന് സൂര്യയ്ക്കായിരുന്നു മികച്ച നടനുള്ള ദേശീയ പുരസ്കാരം. 'പത്മിനി' എന്ന ചിത്രവും മലയാളത്തിൽ അപർണ ബാലമുരളിയുടേതായി പുറത്തുവരാനുണ്ട്.





# കാവിയെ അപമാനിക്കരുത്: ഷാരൂഖിനെ ജീവനോടെ ചുട്ടെരിക്കുമെന്ന് ഭീഷണി

ലക്നൗ: ഷാരൂഖ് ഖാനെ കാണുന്ന ദിവസം ജീവനോടെ ചുട്ടെരിക്കുമെന്ന് അയോധ്യയിലെ സന്യാസി. ജഗത് ഗുരു പരമഹംസ് ആചാര്യയാണ് പഠാൻ സിനിമയിൽ കാവിയെ അപമാനിച്ചെന്നും ഷാരൂഖ് ഖാനെ കാണുന്ന ദിവസം ആ ജിഹാദിയെ ജീവനോടെ കത്തിക്കുമെന്നും ഭീഷണിപ്പെടുത്തിയിരിക്കുന്നത്.ഹിന്ദുക്കളുടെ വികാരം വ്രണപ്പെടുത്തി പണം സമ്ബാദിക്കുന്നത് വ്യക്തമായി ചിന്തിച്ച് ചെയ്യുന്ന തന്ത്രമാണ്. ഈ ചിത്രം ജിഹാദ് ആണ്. ഒരു തന്ത്രം ഒരുക്കിയാണ് ഇത് ചെയ്യുന്നത്. അതിനാൽ ഇന്ന് നമ്മൾ ഷാരൂഖ് ഖാന്റെ പോസ്റ്റർ കത്തിച്ചു. ഷാരൂഖ് ഖാനെ കാണുന്ന ദിവസം ആ ജിഹാദിയെ ഞാൻ ജീവനോടെ കത്തിക്കും. ഞാൻ ഷാരൂഖ് ഖാനെ തിരയുകയാണ്. ആരെങ്കിലും ഷാരൂഖിനെ കണ്ടെത്തും. താരത്തെ ജീവനോടെ കത്തിക്കുന്നയാളുടെ കുടുംബത്തെ ഞാൻ സാമ്ബത്തികമായി സഹായിക്കും. ഇത് മാത്രമല്ല മൂന്ന് പേർ പട്ടികയിലുണ്ട്. ആദ്യം ഷാരൂഖ് ഖാൻ, പിന്നെ ആമിർ ഖാൻ, പിന്നെ സൽമാൻ ഖാൻ, ഇവർക്കെല്ലാം ഞാൻ വധശിക്ഷ വിധിച്ചിട്ടുണ്ട്.ഞങ്ങളുടെ ആളുകൾ മുംബൈയിൽ സജീവമാണ്. താരത്തെ കണ്ടെത്തുന്ന ദിവസം ഞാൻ അവനെ ജീവനോടെ ചുട്ടെരിക്കും. ഷാരൂഖിന്റേത് ഇസ്ലാം മതമാണ്. ഇന്നുവരെ അദ്ദേഹം തന്റെ മതത്തെക്കുറിച്ച് വെബ് സീരീസോ സിനിമകളോ ചെയ്തിട്ടില്ല. ഹലാൽ വിഷയവും മുത്തലാഖും മുഹമ്മദ് നബിയുടെ ജീവചരിത്രവും അവതരിപ്പിക്കാൻ ഞാൻ വെല്ലുവിളിക്കുന്നു. ഹിന്ദുക്കൾ മനുഷ്യത്വമുള്ളവരാണെന്ന് അവർക്ക് നന്നായി അറിയാമെന്നും ജഗത്ഗുരു പരമഹംസ് ആചാര്യ കൂട്ടിച്ചേർത്തു.

# എതിർപ്പുകളെ പേടിച്ച് ഭയന്ന് സിനിമ ഒഴിവാക്കാൻ കഴിയില്ല: പൃഥ്വിരാജ്

സിനിമ പുറത്തിറങ്ങിയതിന് ശേഷമുണ്ടാകുന്ന എതിർപ്പുകളെ പേടിച്ച് ഭയന്ന് സിനിമ ഒഴിവാക്കാൻ കഴിയില്ലെന്ന് ചലച്ചിത്ര നടൻ പൃഥ്വിരാജ്.അത്തരം അഭിപ്രായങ്ങൾ ഒരിക്കലും അവസാനിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ഷാരൂഖ് ഖാൻ - ദീപിക ചിത്രം 'പത്താനു'മായി ബന്ധപ്പെട്ട വിവാദങ്ങളെ കുറിച്ച ചോദ്യത്തിന് മറുപടിയായയാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഷാജി കൈലാസ് സംവിധാനം ചെയ്യുന്ന തന്റെ പുതിയ ചിത്രമായ 'കാപ്പ'യുമായി ബന്ധപ്പെട്ട് ദുബായിൽ നടന്ന വാർത്തസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു പൃഥ്വിരാജ്. അപർണ ബാലമുരളി, അന്നബെൻ എന്നിവരും അദ്ദേഹത്തിനൊപ്പം വാർത്തസമ്മേളനത്തിൽ പങ്കെടുത്തു.ഓരോ സംഘടനകൾക്കും വ്യക്തികൾക്കും അവരുടേതായ ആശയങ്ങളുണ്ടാവും. ഒരാളുടെ ആശയം മറ്റേയാൾക്ക് ശരിയാവണമെന്നില്ല. ചില ആശയങ്ങൾ ഒരു കൂട്ടർ എതിർക്കുമ്ബോൾ മറ്റൊരു കൂട്ടർ അതിന്റെ ഗുണഭോക്താക്കളായി അത് ഏറ്റെടുക്കുന്നു. എല്ലാവരെയും തൃപ്തിപ്പെടുത്തി സിനിമ ചെയ്യാൻ കഴിയില്ല. കുരുതി പോലുള്ള സിനിമ ചെയ്യുമ്ബോൾ അത്തരം എതിർപ്പുകൾ മുൻകൂട്ടി കണ്ടിരുന്നു. പക്ഷെ, ആ സിനിമയിൽ അഭിനയിച്ചവർക്കോ സംവിധായകനോ നിർമാതാവിനൊ അങ്ങിനെയൊരു ദുരുദ്ദേശമില്ലെങ്കിൽ ആ സിനിമ ചെയ്യുന്നതിൽ എന്താണ് തെറ്റ്. ഇന്നത്തെ കാലത്ത് ഓരോ വാക്കുകളും സൂക്ഷിച്ച് ഉപയോഗിക്കേണ്ടി വരും എന്നും പൃഥ്വിരാജ് ചൂണ്ടിക്കാട്ടി.കാപ്പ ഒരു രാഷ്ട്രീയ സിനിമയല്ല. കാപ്പ പട്ടികയിൽ ഉൾപെട്ട ചിലരുടെ കഥയാണിത്. തിരുവനന്തപുരമാണ് പശ്ചാത്തലമെങ്കിലും മനപൂർവ്വം തിരുവനന്തപുരം ഭാഷ സിനിമയിൽ തിരുകി കയറ്റാൻ ശ്രമിച്ചിട്ടില്ലെന്നും പൃഥ്വിരാജ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു പറഞ്ഞു.എതിർ അഭിപ്രായങ്ങൾ ഭയന്ന് സിനിമ ഒഴിവാക്കുന്നത് കലയുടെ അന്ത്യം കുറിക്കുമെന്ന് നടനും സംവിധായകനുമായ ദിലീഷ് പോത്തൻ പറഞ്ഞു. ഓരോ കഥാപാത്രങ്ങളും ചെയ്യുന്ന സമയത്ത് ചില സംഭാഷണങ്ങൾ പറയുമ്ബോൾ എങ്ങിനെ സമൂഹത്തെ ബാധിക്കും എന്ന് ആലോചിക്കാറുണ്ട്. സംവിധായകനോട് അത് സൂചിപ്പിക്കാറുണ്ട്. നമ്മളെ തൃപ്തിപ്പെടുത്തുന്ന മറുപടികൾ അവരും നൽകാറുണ്ട് എന്നും ദിലീഷ് പറഞ്ഞു. ഓൺലൈൻ പ്ലാറ്റ്ഫോമിനും തീയറ്ററിനും വേണ്ടി രണ്ട് രീതിയിലാണ് സിനിമ ചെയ്യുന്നത്. ഒ.ടി.ടി ഇല്ലായിരുന്നില്ലെങ്കിൽ ജോജി പോലൊരു സിനിമ ഉണ്ടാവില്ലായിരുന്നുവെന്നും ദിലീഷ് വ്യക്തമാക്കി.







# ലോകകപ്പിനെ കെട്ടിപ്പിടിച്ചുറങ്ങുന്ന ചിത്രം പങ്കുവച്ച് മെസി

36 വർഷത്തെ കാത്തിരിപ്പിന് ശേഷം സ്വന്തമാക്കിയ ലോകകപ്പാണ് ഇന്ന് അർജന്റീനയുടെയുടെയും നായകൻ മെസിയുടെയും ലഹരി. പൊതു അവധി പ്രഖ്യാപിച്ചും ആഘോഷങ്ങൾ സംഘടിപ്പിച്ചും അർജന്റീനയും നായകനും ലോകകപ്പ് നേട്ടമാഘോഷിക്കുമ്പോൾ, അതിമനോഹരമായ ചിത്രം പങ്കുവച്ചിരിക്കുകയാണ് ലയണൽ മെസി.36 വർഷത്തെ കാത്തിരിപ്പിന് വിരാമമിട്ട് സ്വന്തമാക്കിയ കപ്പ് കെട്ടിപ്പിടിച്ചുറങ്ങുന്ന ലയണൽ മെസിയുടെ ചിത്രമാണ് സോഷ്യൽ മിഡിയയിൽ നിറയുന്നത്. മെസിയുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലാണ് ചിത്രം പങ്കുവച്ചിരിക്കുന്നത്. ലോകമാകെയുള്ള അർജന്റീനിയൻ ആരാധകർ ചിത്രം ഏറ്റെടുത്തുകഴിഞ്ഞു.ലോകജേതാക്കളായ അർജന്റീന ബ്യൂണസ് അയേഴ്സിൽ ആഹ്ളാദ പ്രകടനം തുടരുകയാണ്. അർജന്റീനയിൽ ഇന്ന് പൊതുഅവധിയാണ്. ആരാധകർ വലിയ രീതിയിലുള്ള വരവേൽപ്പാണ് മെസിക്കും സംഘത്തിനും നൽകിയത്. വർഷങ്ങൾക്ക് ശേഷം ഒരു ലാറ്റിൻ അമേരിക്കൻ ടീമിന്റെ ഫുട്ബോൾ കിരീടം എന്നതാണ് മറ്റൊരു പ്രത്യേകത.മറഡോണയ്ക്ക് ശേഷം ലോകകപ്പ് കിരീടം ലയണൽ മെസിയുടെ അർജന്റീനയിലേക്ക് എത്തിച്ചിരിക്കുകയാണ് ടീം. അർജന്റീനിയൻ ടീമിലെ എല്ലാ അംഗങ്ങളും ആരാധകർക്കൊപ്പം ആഘോഷത്തിൽ പങ്കുചേർന്നു. ഇന്ന് രാത്രി ടീം, അർജന്റീന ഫുട്ബോൾ അസോസിയേഷന്റെ പരിശീലന ഗ്രൗണ്ടിൽ ചെലവഴിക്കുമെന്നാണ് സ്റ്റേറ്റ് മീഡിയ ഏജൻസി ടെലം റിപ്പോർട്ട് ചെയ്യുന്നത്. ടീമിന്റെ വരവിന് മുന്നോടിയായി തിങ്കളാഴ്ച പരിശീലന സ്ഥലത്ത് നിരവധി ആരാധകർ ക്യാമ്പ് ചെയ്തിരുന്നു,






## രോഹിത് ശർമയും നവ്ദീപ് സെയ്നിയും രണ്ടാം ടെസ്റ്റിൽ നിന്ന് പുറത്ത്

പരുക്കേറ്റ ഇന്ത്യൻ നായകൻ രോഹിത് ശർമയും നവ്ദീപ് സെയ്നിയും ബംഗ്ലാദേശിനെതിരായ രണ്ടാം ടെസ്റ്റിൽ നിന്ന് പുറത്ത്. രോഹിതിന്റെ തള്ളവിരലിനു പരുക്കേറ്റപ്പോൾ സെയ്നിയുടെ വയറിനു പേശീവലിവാണ്. ഡിസംബർ 22ന് ആരംഭിക്കുന്ന ടെസ്റ്റിൽ കെഎൽ രാഹുൽ തന്നെ ഇന്ത്യയെ നയിക്കും. ആദ്യ ടെസ്റ്റിൽ ഇന്ത്യ വൻ വിജയം നേടിയിരുന്നു.

## രാജസ്ഥാന്റെ നാല് വിക്കറ്റുകൾ വീഴ്ത്തി കേരളം

രഞ്ജി ട്രോഫിയിൽ രാജസ്ഥാനെതിരെ മികച്ച ബൗളിംഗ് പ്രകടനവുമായി കേരളം. മത്സരത്തിന്റെ ആദ്യ ദിവസം ലഞ്ചിന് പിരിയുമ്ബോൾ രാജസ്ഥാന്റെ നാല് വിക്കറ്റുകൾ കേരളം വീഴ്ത്തിയിട്ടുണ്ട്.112 റൺസാണ് രാജസ്ഥാൻ നേടിയിട്ടുള്ളത്.58 റൺസ് നേടിയ യഷ് കോത്താരിയാണ് രാജസ്ഥാന്റെ ടോപ് സ്കോറർ. മഹിപാൽ ലോംറോർ 23 റൺസും നേടി. 12 റൺസുമായി ദീപക് ഹൂഡയും 5 റൺസ് നേടിയ എസ്എഫ് ഖാനുമാണ് ക്രീസിലുള്ളത്.കേരളത്തിനായി ഫനൂസ്, സിജോമോൻ, ബേസിൽ തമ്പി, ജലജ് സക്സേന എന്നിവരാണ് വിക്കറ്റ് നേടിയത്.

## രഞ്ജി ട്രോഫിയിൽ സെഞ്ചുറിയുമായി തിളങ്ങി അജിങ്ക്യ രഹാനെ

രഞ്ജി ട്രോഫിയിൽ മുംബൈയ്ക്കായി തകർപ്പൻ സെഞ്ചുറി കുറിച്ച് ക്യാപ്റ്റൻ അജിങ്ക്യ രഹാനെ. ഹൈദരാബാദിനെതിരായ മത്സരത്തിലായിരുന്നു സീനിയർ താരത്തിന്റെ ഈ തകർപ്പൻ പ്രകടനം.121 പന്തിൽ നിന്നുമാണ് ഫസ്റ്റ് ക്ലാസ് ക്രിക്കറ്റിലെ തന്റെ 38 ആം സെഞ്ചുറി അജിങ്ക്യ രഹാനെ നേടിയത്. മോശം പ്രകടനത്തിന് പുറകെ ഇന്ത്യൻ ടീമിൽ നിന്നും ഒഴിവാക്കപെട്ട രഹാനെയ്ക്ക് ആഭ്യന്തര ക്രിക്കറ്റിൽ അത്ര മികച്ച പ്രകടനം പുറത്തെടുക്കാൻ സാധിച്ചിരുന്നില്ല. മറുഭാഗത്ത് അജിങ്ക്യ രഹാനെയ്ക്കൊപ്പം ടീമിൽ നിന്നും ഒഴിവാക്കപെട്ട മറ്റൊരു സീനിയർ താരം ചേതേശ്വർ പുജാര ആഭ്യന്തര ക്രിക്കറ്റിലെയും കൗണ്ടി ക്രിക്കറ്റിലെയും മികച്ച പ്രകടനത്തിന്റെ മികവിൽ ടീമിൽ തിരിച്ചെത്തിയിരുന്നു.മത്സരത്തിലേക്ക് വരുമ്ബോൾ ആദ്യ ദിനം കളി നിർത്തുമ്ബോൾ മുംബൈ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 457 റൺസ് നേടിയിട്ടുണ്ട്. 190 പന്തിൽ 139 റൺസ് നേടിയ അജിങ്ക്യ രഹാനെയും 40 റൺസ് നേടിയ സർഫറാസ് ഖാനുമാണ് മുംബൈയ്ക്ക് വേണ്ടി ക്രീസിലുള്ളത്.19 റൺസ് നേടിയ പൃഥ്വി ഷാ, 90 റൺസ് നേടിയ സൂര്യകുമാർ യാദവ്, 162 റൺസ് നേടിയ യശസ്വി ജയ്സ്വാൾ എന്നിവരുടെ വിക്കറ്റാണ് മുംബൈയ്ക്ക് നഷ്ടമായത്.







## 2026 ലോകകപ്പിൽ ഇന്ത്യക്ക് സാധ്യതയുണ്ട് എന്ന് ഫിഫ പ്രസിഡന്റ്

2026 ലോകകപ്പിൽ ഇന്ത്യ യോഗ്യത നേടാൻ സാധ്യത ഉണ്ട് എന്ന് ഫിഫ പ്രസിഡന്റ് ഇൻഫന്റിനോ. 2026 ലോകകപ്പിൽ 32 ടീമുകൾ എന്നത് 48 ടീമുകൾ ആകും എന്നും അതുകൊണ്ട് തന്നെ ഇന്ത്യക്ക് സാധ്യതകൾ കൂടുതൽ ആണെന്നും ഫിഫ പ്രസിഡന്റ് ഇൻസ്റ്റഗ്രാമിലൂടെ പറഞ്ഞു.ഇന്ത്യയുടെ ലോകകപ്പ് സാധ്യതയെ കുറിച്ച് ഒരു ആരാധകൻ ചോദിച്ചതിനെ കുറിച്ച് മറുപടി പറയുകയായിരുന്നു ഇൻഫന്റീനോ.ഇന്ത്യൻ ഫുട്ബോൾ പ്രേമികൾക്ക് ഫിഫക്ക് ഒരു ഉറപ്പ് നൽകാൻ ആകും എന്നും ഇന്ത്യൻ ഫുട്ബോളിൽ വലിയ ഇന്വസ്റ്റ്മെന്റ് ഫിഫ നടക്കുന്നുണ്ട് എന്നും. ഇന്ത്യൻ ഫുട്ബോളിനെ വലുതാക്കാൻ ഫിഫ പ്രവർത്തിക്കുന്നുണ്ടെന്നും ഇൻഫന്റീനോ പറഞ്ഞു. ഇന്ത്യ ഒരു വലിയ രാജ്യമാണെന്നും ഫുട്ബോളിലും അവർ വലുതായി ഉണ്ടാകണം എന്നും ഇൻഫന്റീനോ പറഞ്ഞു.